410/2012
29-09-2012

# ഇടയലേഖനം-119

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവത്രികസഭ വിശ്വാസവർഷമായി ആചരിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണജൂബിലി, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികം, ഒക്ടോബറിൽ റോമിൽ നടക്കാൻ പോകുന്ന നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള പതിമൂന്നാമത് സാധാരണ സിനഡ് എന്നിവയുടെ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശ്വാസവർഷാചരണത്തിന് ആഹ്വാനം നല്കിയിരിക്കുന്നത്. വിശ്വാസവർഷാചരണത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നതിന് "വിശ്വാസത്തിന്റെ വാതിൽ" *(Porta Fidei)* എന്ന അപ്പസ്തോലിക ലേഖനവും പരിശുദ്ധപിതാവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരിശുദ്ധപിതാവിന്റെ ആഹ്വാനം അനുസരിച്ച് സാർവത്രികസഭയോടു ചേർന്ന് വിശ്വാസവർഷമാചരിക്കാൻ നമ്മുടെ രൂപതയും ഒരുങ്ങേണ്ടിയിരിക്കുന്നു. വിശ്വാസം ദൈവത്തിന്റെ ദാനമാണ്; ദൈവം മനുഷ്യനു നല്കിയിരിക്കുന്ന പ്രകൃതിക്ക് അതീതമായ സുകൃതമാണത് (CCC 153). ദൈവദാനമായ വിശ്വാസത്തിന് നന്ദി പറയാനും അത് പരിപോഷിപ്പിക്കാനും പ്രഖ്യാപിക്കാനുമുള്ള അവസരമായി വിശ്വാസവർഷത്തെ നാം കാണണം. സത്യവിശ്വാസത്തിന്റെ വാതിൽ സഭയാണ് *(Porta Fidei* 1). അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ പൗലോസും ബർണബാസും അന്തോക്യായിൽ പ്രസംഗിക്കുമ്പോൾ തങ്ങൾ മുഖാന്തരം ദൈവം വിശ്വാസത്തിന്റെ വാതിൽ വിജാതീയർക്ക്





എപ്രകാരമാണ് തുറന്നു കൊടുത്തതെന്നു വ്യക്തമാക്കുന്നുണ്ട് (അപ്പ 14:26). നമ്മെ ഓരോരുത്തരെയും തിരുസ്സഭയാകുന്ന വാതിലിലൂടെ ദൈവവുമായുള്ള സംസർഗത്തിലേക്കു നയിക്കാൻ വിശ്വാസവർഷാചരണം സഹായിക്കണം. വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള പ്രവേശനം ജീവിതകാലം മുഴുവൻ നീണ്ടു നിലനില്ക്കുന്ന പ്രക്രിയയാണ്. മാമ്മോദീസായിലൂടെ ആരംഭിച്ച് (റോമാ 6:4) മരണത്തിലൂടെ നിത്യജീവനിലേക്ക് പ്രവേശിക്കുമ്പോൾ വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള യാത്ര അവസാനിക്കും *(Porta Fidei 1)*.

"ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?" (യോഹ 6:28) എന്നു യേശുവിനോട് ശിഷ്യന്മാർ ചോദിച്ചപ്പോൾ അവിടുന്ന് നല്കിയ മറുപടി ഇതായിരുന്നു: "ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി: അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (യോഹ 6:29). ക്രിസ്തുവിൽ വിശ്വസിക്കുകയെന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ വഴിയാണ്. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ നമ്മൾ ഓരോരുത്തരും അടുത്തറിയണം. വിശ്വാസത്തെക്കുറിച്ചു കൃത്യമായി അറിയാനും ആത്മാർത്ഥതയോടും തീക്ഷ്ണതയോടും കൂടെ വിശ്വാസം ഏറ്റുപറയാനും വിശ്വാസവർഷാചരണം നമ്മെ സഹായിക്കണം. ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിക്കുവാനുള്ള ആഹ്വാനമാണ് വിശ്വാസവർഷം നല്കുന്നത്. വിശ്വാസം പ്രഘോഷിക്കാനുള്ളതാണ് എന്ന കാര്യം എപ്പോഴും നമുക്കു ഓർക്കാം. സഭ വിശ്വസ്തതയോടെ കൈമാറിത്തരുന്ന ദൈവവചനവും ക്രിസ്തു തന്റെ ശിഷ്യർക്ക് നിത്യജീവിതത്തിനായി നല്കിയ നിത്യജീവന്റെ അപ്പവും (യോഹ 5:51) വിലമതിക്കാനും ആസ്വദിക്കാനും വിശ്വാസവർഷത്തിൽ നമുക്ക് സാധിക്കണം *(Porta Fidei 3)*.

വിശ്വാസം വ്യക്തിപരവും അതേസമയം സാമൂഹികവുമാണ്. സഭയാണ് വിശ്വാസത്തിന്റെ പ്രാഥമിക കർത്തൃത്വം നിർവഹിക്കുന്നത് *(Porta Fidei* 10). സഭയിലൂടെ നമുക്കു ലഭിക്കുന്ന ദൈവവചനം വായിക്കാനും, ധ്യാനിക്കാനും പഠിക്കാനും വിശ്വാസവർഷം നാം അവസരമാക്കണം. വചനം നിത്യമാണ്; വചനം അനാദിമുതൽ ദൈവം തന്നെയാണ് (യോഹ 1:1; *Verbum Domini* 6). ദൈവമായ വചനത്തെ കുടുതൽ മനസ്സിലാക്കാനും ആഴത്തിൽ ഉൾക്കൊള്ളാനും വിശ്വാസവർഷത്തിൽ നാം പരിശ്രമിക്കണം. "അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക്

വിളക്കും വഴികളിൽ പ്രകാശവുമാണെ"ന്ന് (സങ്കീ 19:105) സങ്കീർത്ത കനോടൊപ്പം നാം തിരിച്ചറിയണം. "അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു" (സങ്കീ 119:30) എന്നും സങ്കീർത്തകൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ അമ്പതാം വാർഷികദിനത്തിലാണ് വിശ്വാസവർഷം ആരംഭിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്ക് നല്കപ്പെട്ട മഹത്തായ കൃപാവരമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ക്രൈസ്തവവിശ്വാസത്തിന്റെ പാവനനിക്ഷേപം ഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ നവമായി പഠിക്കാനുള്ള ഒരവസരം കൂടിയാണ് വിശ്വാസവർഷം. സഭയുടെ പ്രബോധനാധികാരത്തിൽ നിന്നു നല്കുന്ന സുപ്രധാന മാർഗരേഖകളെന്ന നിലയിൽ അവ നാം വായിച്ചു മനസ്സിലാക്കണം. ഈ വർഷം നിർണായകപ്രാധാന്യമുള്ള കാര്യം നമ്മുടെ വിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുകയെന്നതാണ് *(Porta Fidei 13)*.

സത്യവിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്കു നല്കുന്നുണ്ട്. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് യഥാർത്ഥത്തിൽ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിലുണ്ട്. വിശുദ്ധഗ്രന്ഥം മുതൽ സഭാപിതാക്കന്മാർവരെയും ദൈവശാസ്ത്രപണ്ഡിതർ മുതൽ വിശുദ്ധർ വരെയും പ്രദർശിപ്പിച്ച വിശ്വാസജീവിതത്തിന്റെ വിവിധ കാര്യങ്ങൾ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്കു നല്കുന്നു *(Porta Fidei 11)*. സത്യവിശ്വാസം സംരക്ഷിക്കുന്നതിന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ വ്യാപനം വിശ്വാസവർഷത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും, യുവജന മതബോധനഗ്രന്ഥവും (YOUCAT) നാം വായിച്ചു പഠിക്കണം. സെക്ടുകളിലേക്കും തെറ്റായ മറ്റു വിശ്വാസ രീതികളിലേക്കും പോകാതെ യഥാർത്ഥവിശ്വാസത്തിൽ ഉറച്ചുനില്ക്കാനും മറ്റുള്ളവരെ വിശ്വാസത്തിൽ ഉറപ്പിക്കാനും ഇത് സഹായിക്കും.

പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ചും കേരള കത്തോ





ലിക്കാ മെത്രാൻ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചും നമ്മുടെ രൂപതയിൽ വിശ്വാസവർഷം സമുചിതമായി ആചരിക്കുന്നതിനെപ്പറ്റി വൈദിക സമിതിയിലും രൂപത പാസ്റ്ററൽ കൗൺസിലിലും ചർച്ച നടത്തി. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കുന്നു.

1. വിശ്വാസവർഷത്തിന്റെ ആഘോഷപൂർവ്വകമായ ഉദ്ഘാടനം കുടുംബങ്ങളിലും ഇടവകകളിലും ഫൊറോനാതലങ്ങളിലും നടത്തണം. ഒക്ടോബർ 14 ഞായറാഴ്ച ദൈവാലയങ്ങളിൽ പ്രധാന കുർബാനയുടെ ആരംഭത്തിലും കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയുടെ ആരംഭത്തിലും തിരിതെളിച്ചും വിശ്വാസപ്രമാണം ഒരുമിച്ചു ചൊല്ലിയുമാണ് വിശ്വാസവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. സാധിക്കുന്ന എല്ലാ ഫൊറോനകളിലും വിശ്വാസവർഷത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിശ്വാസപ്രഖ്യാപന റാലി നടത്തേണ്ടതാണ്. സമാപനത്തിന് രൂപതാതലത്തിൽ വിശ്വാസപ്രഖ്യാപന റാലി നടത്തപ്പെടുന്നതാണ്.

2. വിശ്വാസവർഷാചരണത്തിന്റെ ചൈതന്യം സംവദിക്കുന്ന പതാക എല്ലാവർക്കും കാണാൻ തക്കവിധം പള്ളിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. വിശ്വാസവർഷ പതാകയും കുടുംബങ്ങളിൽ സ്ഥാപിക്കാനുള്ള സ്റ്റിക്കറും നൽകപ്പെടുന്നതാണ്.

3. ഏകസത്യ ദൈവത്തിലും അവിടുന്നയച്ച ഈശോയിലുമുള്ള വിശ്വാസമാണ് നിത്യജീവനിലേക്ക് നയിക്കുന്നത്. സത്യവിശ്വാസം ദൈവത്തിന്റെ ദാനമാണ്. ഈ മഹാദാനത്തെപ്പറ്റിയുള്ള ശരിയായ അറിവും ബോധ്യവും മാതാപിതാക്കൾക്കും യുവാക്കൾക്കും കുട്ടികൾക്കും നൽകുവാനും തദനുസാരം ജീവിച്ച് വിശ്വാസത്തിന്റെ സാക്ഷികളാകുവാനും ഉപയുക്തമായ ബോധവത്ക്കരണ പരിപാടികൾ ഇടവകതലത്തിൽ ഈ വർഷം പ്രത്യേകിച്ചും സംഘടിപ്പിക്കണം. അതിനുവേണ്ട റിസോഴ്സ് ടീമിനെ ആവശ്യമുള്ളവർ രൂപതാ വിശ്വാസപരിശീലന ഓഫീസുമായി ബന്ധപ്പെട്ടാൽ മതി.

4. വിശ്വാസപരിശീലനം മുടങ്ങുകയോ വേണ്ടത്ര ഫലപ്രദമാകാതെ വരികയോ ചെയ്യുമ്പോഴാണ് വിശ്വാസ തകർച്ചയുണ്ടാകുന്നത്. ആയതിനാൽ ഈ വർഷത്തിൽ വിശ്വാസപരിശീലന മേഖലയിൽ നമ്മുടെ സവിശേഷ ശ്രദ്ധ പതിയണം. കുട്ടികൾ വളരണം, വലുതാകണം, വലി

യവരാകണം എന്നാഗ്രിക്കുന്നവരാണ് മാതാപിതാക്കൾ. എന്നാൽ, ഭൗതിക വളർച്ചയോടൊപ്പം ആത്മീയ വളർച്ചകൂടി അവർ കൈവരിക്കുന്നില്ലെങ്കിൽ അവരുടെ ജീവിതം ധന്യമാവുകയില്ല. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ നാം അവരെ സഹായിക്കണം. ആയതിനാൽ വിശ്വാസപരിശീലന ക്ലാസ്സുകളിലേക്ക് മാതാപിതാക്കൾ എല്ലാ കുട്ടികളേയും പറഞ്ഞയക്കണം. അവർക്ക് നല്ല പരിശീലനം നൽകാൻ മതാദ്ധ്യാപകർ പ്രതിജ്ഞാബദ്ധരാകണം. നമ്മുടെ രൂപതയിലെ 121 മതബോധന യൂണിറ്റുകളിലും പി.ടി.എ. ഉണ്ടാകണം. അതിലെ അംഗങ്ങൾ വിശ്വാസതീക്ഷ്ണതയോടെ പ്രവർത്തിക്കണം. കൂദാശകളിൽ പ്രത്യേകിച്ച് വി. കുർബനയിലുള്ള സജീവവും ബോധപൂർവ്വകവുമായ പങ്കാളിത്തമാണ് സർവ്വപ്രധാനമായ വിശ്വാസപ്രഘോഷണം. ആയതിനാൽ എല്ലാവരും ഞായറാഴ്ചകളിലും സാധിക്കുമെങ്കിൽ ഇടദിവസങ്ങളും വി. കുർബാനയിൽ വേണ്ടവിധം പങ്കെടുക്കണം.

5. കുടുംബങ്ങളിലെ സന്ധ്യാപ്രാർത്ഥനയുടെ ഭാഗമായി വിശ്വാസപ്രമാണം ബോധപൂർവ്വം ചൊല്ലണം. ദിവ്യബലിമദ്ധ്യേയും വിശ്വാസപ്രമാണം ചൊല്ലണം. ഭക്തിപൂർവ്വകമായ ബൈബിൾ പാരായണം സന്ധ്യാപ്രാർത്ഥനയുടെ അവിഭാജ്യ ഘടകമാകണം. വിശ്വാസത്തിൽ വളരാൻ അത് നമ്മെ സഹായിക്കും. ബഹു. വികാരിയച്ചന്മാർ ഞായറാഴ്ചകളിൽ വിശ്വാസപ്രമാണത്തെ അടിസ്ഥാനമാക്കിയുള്ള പ്രസംഗങ്ങൾ നൽകി ദൈവജനത്തെ വിശ്വാസത്തിൽ ആഴപ്പെടുവാൻ സഹായിക്കണം.

6. വിശ്വാസികളുടെ സമൂഹമാണ് സഭ. സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് സഭാകൂട്ടായ്മയിൽ നിന്ന് അകന്നുപോയവരെ പുനരാനയിക്കുന്നതിന് പ്രത്യേകശ്രമം ഈ വർഷം നടത്തണം. ഇക്കാര്യത്തിൽ നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്.

7. കുടുംബയൂണിറ്റുകൾ ഈ വർഷം ശക്തിപ്പെടുത്തണം. സത്യവിശ്വാസപ്രബോധനം ലക്ഷ്യമാക്കി നൽകപ്പെടുന്ന ലഘുലേഖകൾ ഓരോ മാസവും യൂണിറ്റുകളിൽ പഠനത്തിനും ചർച്ചക്കും പ്രാർത്ഥനക്കും വിഷയീഭവിപ്പിക്കേണ്ടതാണ്.

8. തന്നിൽ വിശ്വസിക്കുന്ന ചെറിയവരിൽ ഒരുവന് ഇടർച്ച നൽകുന്നവർക്കുള്ള ശിക്ഷയെപ്പറ്റി കർത്താവ് സൂചിപ്പിക്കുന്നുണ്ട് (മത്താ.





18:6). വിശ്വാസ വർഷത്തിൽ നമുക്ക് ചെയ്യാവുന്ന ഏറ്റം നല്ല കാര്യം നമ്മുടെ തന്നെ ജീവിതത്തെ വിശ്വാസത്തിന്റെ സാക്ഷ്യമാക്കി മാറ്റുക എന്നതാണ്. ഈശോയിൽ വിശ്വസിക്കുന്നവർക്ക് നമ്മൾ ഒരു വിധത്തിലും ഇടർച്ച നൽകരുത്. നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിലും ഇതര മേഖലകളിലുമുള്ള പ്രവർത്തനങ്ങൾ നല്ല വിശ്വാസ സാക്ഷ്യം നൽകുന്നവയാകണം. ഇടവകതലത്തിൽ നടത്തപ്പെടുന്ന ആഘോഷങ്ങൾ അനാർഭാടമാക്കണമെന്ന കാര്യം പാസ്റ്ററൽ കൗൺസിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുയുണ്ടായി.

വിശ്വാസവർഷം ഏറ്റവും ഫലപ്രദമായി ആചരിക്കുവാൻ ആവശ്യമായ മറ്റു കർമ്മപദ്ധികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് വിശ്വാസപരിശീലനം, ഫാലിമി അപ്പോസ്റ്റലേറ്റ്, പിതൃസംഘം, മാതൃസംഘം, വിൻസെന്റ് ഡി പോൾ സഖ്യം, യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സംഘടനകൾ എന്നിവയുടെ ഭാരവാഹികളെ ഞാൻ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു.

ദാനമായി ലഭിച്ച കത്തോലിക്കാ വിശ്വാസത്തിന് നന്ദിപറയാനും അതിൽ അടിയുറച്ചു നില്ക്കാനും അതിനു സജീവസാക്ഷ്യം നല്കാനും വിശ്വാസവർഷത്തിലെ വിവിധ പരിപാടികൾ നമ്മെ സഹായിക്കട്ടെ. വിശ്വാസത്തിന്റെ തുറക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാൻ സർവ്വശക്ത നായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2012 ഒക്ടോബർ 7-ാം തീയതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

# ലോകമിഷൻ ഞായർ - 2012

**മാർപാപ്പായുടെ സന്ദേശം**

***"സത്യത്തിന്റെ വചനം പ്രസരിപ്പിക്കാൻ വിളിക്കപ്പെട്ടവർ"***

(അപ്പസ്തോലിക ലേഖനം, *പോർത്താ ഫീദെയി*)

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഈ വർഷത്തെ ലോകമിഷൻ ഞായർ ആചരണത്തിനു സവിശേഷമായ അർത്ഥമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50-ാം വാർഷികം, വിശ്വാസവർഷാചരണത്തിന്റെയും നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിന്റെയും തുടക്കം, ഇതെല്ലാം കൂടുതൽ ധീരതയോടും തീക്ഷ്ണതയോടും കൂടി വിജാതീയരിൽ സുവിശേഷ പ്രവർത്തനം നടത്താനുള്ള സഭയുടെ ആഗ്രഹം വീണ്ടും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. സുവിശേഷം ലോകത്തിന്റെ എല്ലാ അതിരുകളിലും എത്തുന്നതിനും വേണ്ടിയാണത്.

ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള കത്തോലിക്കാ മെത്രാന്മാർ പങ്കെടുത്ത രണ്ടാം വത്തിക്കാൻ സൂനഹദോസ് യഥാർത്ഥത്തിൽ സഭയുടെ സാർവത്രികതയുടെ പ്രകാശമാനമായ അടയാളമായിരുന്നു. ആദ്യമായിട്ടാണ് ഏഷ്യ, ആഫ്രിക്ക, ലാറ്റിൻഅമേരിക്ക, ഓഷ്യാനാ എന്നിവിടങ്ങളിൽ നിന്ന് മെത്രാന്മാരുടെ വലിയൊരു സംഖ്യ സമ്മേളിച്ചത്. അക്രൈസ്തവരുടെയിടയിൽ ചിതറിക്കിടക്കുന്ന ക്രൈസ്തവസമൂഹങ്ങളിൽ നിന്നുള്ള മിഷണറി മെത്രാന്മാരും ദേശീയമെത്രാന്മാരും എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള സഭയുടെ ഒരു പ്രതിരൂപം സൂനഹദോസിൽ അവതരിപ്പിച്ചു. അക്കാലത്ത് "മൂന്നാം ലോകം" എന്നു വിളിക്കപ്പെട്ടിരുന്ന ലോകത്തിലെ സങ്കീർണ യാഥാർത്ഥ്യങ്ങളുടെ വ്യാഖ്യാനം നല്കുകയും ചെയ്തു. രൂപീകരണപ്രക്രിയയിലുള്ള യുവസഭ കളുടെ അജപാലകരെന്ന നിലയിൽ അനുഭവസമ്പത്തുള്ള അവർ ദൈവരാജ്യവ്യാപനത്തിനുള്ള ആവേശത്താൽ പ്രചോദിതരായിരുന്നു. വിജാതീയരുടെയിടയിൽ സുവിശേഷവത്കരണം നടത്തുകയെന്ന അടിയന്തിരാവശ്യത്തെക്കുറിച്ച് അവർ ഊന്നിപ്പറഞ്ഞു. അങ്ങനെ സഭാശാസ്ത്രത്തിന്റെ കേന്ദ്രത്തിൽ സഭയുടെ മിഷണറി സ്വഭാവം സ്ഥാപിക്കുകയും ചെയ്തു.

**മിഷണറി സഭാശാസ്ത്രം**

ഇന്നും ആ ദർശനം സാധുതയുള്ളതാണ്. യഥാർത്ഥത്തിൽ അത് ഫലപൂർണവും ദൈവശാസ്ത്രപരവും അജപാലനപരവുമായ വിചിന്തനം അനുഭവിച്ചിട്ടുണ്ട്. അതേസമയം നവീനമായ അടിയന്തിരസ്വഭാവത്തോടെ





അത് അവതരിപ്പിക്കപ്പെടുന്നു. എന്തെന്നാൽ ക്രിസ്തുവിനെ അറിയാത്തവരുടെ സംഖ്യ വർധിച്ചിരിക്കുന്നു. "ക്രിസ്തുവിനെ കാത്തിരിക്കുന്നവരുടെ സംഖ്യ ഇപ്പോഴും വളരെ വലുതാണ്" എന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ *രക്ഷകന്റെ മിഷൻ* എന്ന ചാക്രികലേഖനത്തിൽ മിഷണറി കല്പനയുടെ ശാശ്വതസാധുതയെ സംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "നമ്മെപ്പോലെ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട നമ്മുടെ അനേകമില്യൺ സഹോദരീസഹോദരന്മാർ ദൈവസ്നേഹത്തെപ്പറ്റി അറിയാതെ ജീവിക്കുന്നുവെന്നു ചിന്തിക്കുമ്പോൾ നമുക്ക് സംതൃപ്തരായിരിക്കാൻ സാധിക്കുകയില്ല" (നമ്പർ 86).

വിശ്വാസവർഷാചരണം അറിയിച്ചുകൊണ്ട് ഞാനും ഇപ്രകാരം എഴുതി: "ഇന്നും കഴിഞ്ഞകാലത്തേതുപോലെ തന്നെ, ഭൂമിയിലെ എല്ലാ ജനങ്ങളോടും സുവിശേഷം പ്രഘോഷിക്കാൻ ലോകത്തിന്റെ വൻസഞ്ചാരമാർഗങ്ങളിലൂടെ ക്രിസ്തു നമ്മെ അയയ്ക്കുന്നു" (അപ്പസ്തോലികലേഖനം, *പോർത്ത ഫീദെയി,* നമ്പർ 7). അത്തരമൊരു പ്രഘോഷണം, *സുവിശേഷപ്രഘോഷണ*മെന്ന അപ്പസ്തോലികാഹ്വാനത്തിൽ ദൈവദാസൻ പോൾ 6-ാമൻ മാർപാപ്പാ പറഞ്ഞതുപോലെ "സഭയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം ചെയ്യാവുന്ന കാര്യമല്ല. കർത്താവായ യേശുവിന്റെ കല്പന മൂലം അവളുടെ കടമയാണത്. ജനങ്ങൾ വിശ്വസിക്കാനും രക്ഷിക്കപ്പെടാനും വേണ്ടിത്തന്നെ. ഈ സന്ദേശം യഥാർത്ഥത്തിൽ അത്യാവശ്യമാണ്. ഇത് അതുല്യമാണ്. ഇതിനുപകരം മറ്റൊന്നു വയ്ക്കാനാവുകയില്ല" (നമ്പർ 5).

അതുകൊണ്ട് ആദിമക്രൈസ്തവസമൂഹങ്ങൾക്കുണ്ടായിരുന്ന അതേ ഉത്സാഹം വീണ്ടും കണ്ടെത്തണം. ആ സമൂഹങ്ങൾ ചെറുതും സംരക്ഷണമാർഗങ്ങളില്ലാത്തതുമായിരുന്നു. എന്നാലും പ്രഘോഷണത്തിലൂടെയും സാക്ഷ്യത്തിലൂടെയും അറിയപ്പെട്ട ലോകത്ത് എവിടെയും സുവിശേഷം വ്യാപിപ്പിക്കാൻ അവയ്ക്കു കഴിഞ്ഞു. അതുകൊണ്ട്, രണ്ടാം വത്തിക്കാൻ കൗൺസിലും തുടർന്ന് സഭയുടെ പ്രബോധനാധികാരവും മിഷണറി കല്പനയെക്കുറിച്ച് സവിശേഷമാംവിധം ഊന്നിപ്പറഞ്ഞതിൽ അദ്ഭുതപ്പെടാനില്ല. ആ കല്പന ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നല്കിയതാണ്. അത് മുഴുവൻ ദൈവജനത്തിന്റെയും - മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ, സന്ന്യാസിനീ സന്ന്യാസികൾ, അല്മായർ എന്നിങ്ങനെയുള്ള എല്ലാവരുടെയും - സമർപ്പണമായിരിക്കണം.

ലോകത്തിന്റെ എല്ലാ കോണുകളിലും സുവിശേഷം പ്രഘോഷിക്കാനുള്ള കടമ ഒന്നാമതായി മെത്രാന്മാരുടേതാണ്. ലോകത്തിൽ സുവിശേഷവത്കരണം നടപ്പാക്കാൻ മെത്രാൻ സംഘത്തിന്റെ അംഗങ്ങളെന്ന നില

യിലും പ്രാദേശികസഭകളുടെ അജപാലകരെന്ന നിലയിലും അവർക്കു നേരിട്ടുള്ള ഉത്തരവാദിത്വമുണ്ട്. യഥാർത്ഥത്തിൽ "ഒരു പ്രത്യേക രൂപതയ്ക്കുവേണ്ടി മാത്രമല്ല മുഴുവൻ ലോകത്തിന്റെയും രക്ഷയ്ക്കുവേണ്ടിയാണ് അവർ അഭിഷിക്തരായിരിക്കുന്നത്" (ജോൺപോൾ 2-ാമൻ, ചാക്രികലേഖനം: *രക്ഷകന്റെ മിഷൻ,* നമ്പർ 63). "അവർ ക്രിസ്തുവിനു പുതിയ ശിഷ്യരെകൊണ്ടുവരുന്ന പ്രഘോഷകരാകണം" (cf *ആദ്ജെന്തെസ്* നമ്പർ 20). "മുഴുവൻ രൂപതയും മിഷണറിയാകാൻ വേണ്ടി ദൈവജനത്തിന്റെ മിഷണറി ചൈതന്യവും തീക്ഷ്ണതയും അവർ ദൃശ്യമാക്കണം" (അവിടെത്തന്നെ നമ്പർ 38).

**സുവിശേഷവത്കരണത്തിനുള്ള മുൻഗണന**

അതുകൊണ്ട്, സുവിശേഷം പ്രസംഗിക്കാനുള്ള കല്പനയുടെ അനുസരണം ഒരു അജപാലകനെ സംബന്ധിച്ചിടത്തോളം തന്റെ അജപാലകശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ട ദൈവജനത്തിന്റെ ഒരു ഭാഗത്തെ ശ്രദ്ധിക്കുന്നതുകൊണ്ട് അവസാനിക്കുന്നില്ല. അല്ലെങ്കിൽ വൈദികരെയും അല്മായരെയും വിശ്വാസദാനമായി അയയ്ക്കുന്നതുകൊണ്ടും അവസാനിക്കുന്നില്ല. അത് പ്രാദേശികസഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടായിരിക്കണം. ആ സഭയുടെ എല്ലാ മേഖലകളിലുമുണ്ടായിരിക്കണം. ചുരുക്കത്തിൽ അതിന്റെ മുഴുവൻ അസ്തിത്വത്തിലും പ്രവർത്തനത്തിലും ഉണ്ടായിരിക്കണം.

ഇക്കാര്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി ചൂണ്ടിക്കാണിച്ചു. തുടർന്നുള്ള പ്രബോധനാധികാരം ശക്തിയുക്തം ഉറപ്പിച്ചു പറയുകയും ചെയ്തു. ഇതിന് ജീവിതശൈലികളുടെ സ്ഥിരമായ ക്രമവത്കരണം വേണം. അജപാലകപദ്ധതികളുടെ ക്രോഡീകരണമുണ്ടാകണം. സഭയായിരിക്കുകയെന്ന ഈ മൗലികമാനത്തെ സംബന്ധിച്ച് രൂപതാപരമായ സംഘാടനമുണ്ടായിരിക്കണം. പ്രത്യേകിച്ച്, നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് അതെല്ലാം അത്യാവശ്യമാണ്.

സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലിക ജീവിതത്തിന്റെ സൊസൈറ്റികൾക്കും സഭാത്മക പ്രസ്ഥാനങ്ങൾക്കും ഇതു ബാധകമാണ്. എല്ലായിടത്തും ക്രിസ്തുവിനെ പ്രഘോഷിക്കാൻ സുവിശേഷം പ്രസംഗിക്കാനുള്ള കർത്താവിന്റെ കല്പന തങ്ങളുടെ മുമ്പിൽ ചോദ്യമുണർത്തുന്നതായി സഭയുടെ വലിയ മൊസൈക്കിന്റെ എല്ലാ ഘടകങ്ങൾക്കും സുശക്തമായി തോന്നണം. അജപാലകരായ ഞങ്ങളും സന്ന്യസ്തരായ സ്ത്രീപുരുഷന്മാരും ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും പൗലോസ് ശ്ലീഹയുടെ കാലടികൾ പിന്തുടരണം. അദ്ദേഹം "(വിജാതീയരായ നിങ്ങൾക്കുവേണ്ടി) ക്രിസ്തുവിൽ ബന്ധനസ്ഥനായി" (എഫേ 3:1),





വിജാതീയരുടെയിടയിൽ സുവിശേഷം എത്തിക്കാൻവേണ്ടി സഹിക്കുകയും പടപൊരുതുകയും ചെയ്തു (cf കൊളോ 1:24-29). ക്രിസ്തുവിന്റെ സന്ദേശം അറിയിക്കുന്നതിന് സർവ ഊർജവും സമയവും മാർഗങ്ങളും ഉപയോഗിച്ച് അധ്വാനിച്ചു.

ഇന്നും വിജാതീയരെ സംബന്ധിച്ച പ്രേഷിതവേല ഓരോ സഭാത്മകപ്രവർത്തനത്തിന്റെയും സ്ഥിരചക്രവാളവും മാതൃകയുമായിരിക്കണം. എന്തെന്നാൽ നമുക്കു രക്ഷകനാകാൻ വേണ്ടി ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തിന്റെ രഹസ്യത്തിലുള്ള വിശ്വാസംകൊണ്ടും ക്രിസ്തുവിന്റെ വരവുവരെ അവിടത്തേക്കു സാക്ഷ്യം വഹിക്കാനും അവിടത്തെ പ്രഘോഷിക്കാനുമുള്ള ദൗത്യംകൊണ്ടുമാണ് സഭയുടെ തനിമ സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ പൗലോസിനെപ്പോലെ അകലെയുള്ളവരെയും ക്രിസ്തുവിനെ അറിയാത്തവരെയും ദൈവികപിതൃത്വം ഇനിയും അനുഭവിച്ചിട്ടില്ലാത്തവരെയും ശ്രദ്ധിക്കുന്നവരായിരിക്കണം നമ്മൾ. മിഷണറി സഹകരണം സുവിശേഷവത്കരണത്തിനുള്ള പുതിയ രൂപങ്ങൾ ഉൾക്കൊള്ളുന്നുണ്ട് - സാമ്പത്തിക സഹായം മാത്രമല്ല നേരിട്ടുള്ള പങ്കുചേരലും ഉൾക്കൊള്ളുന്നുണ്ട് (ജോൺ പോൾ 2-ാമൻ, ചാക്രികലേഖനം, *രക്ഷകന്റെ മിഷൻ,* നമ്പർ 82) എന്ന ബോധത്തോടെ അങ്ങനെ ചെയ്യണം.

വിശ്വാസവർഷത്തിന്റെ ആചരണവും നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡും ഈ മിഷണറി സഹകരണം, പ്രത്യേകിച്ച് ഈ രണ്ടാം മാനം, തുടങ്ങാൻ അനുകൂലമായ അവസരങ്ങൾ നല്കും.

**വിശ്വാസവും പ്രഘോഷണവും**

ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ഉത്സാഹം ചരിത്രം വായിക്കാനും നമ്മെ നിർബന്ധിക്കുന്നു. ക്രിസ്തു തന്റെ സാന്നിധ്യംകൊണ്ട് സുഖപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും പൂരിപ്പിക്കുകയും ചെയ്യേണ്ട മനുഷ്യവംശത്തിന്റെ പ്രശ്നങ്ങളും അഭിലാഷങ്ങളും പ്രത്യാശകളും കണ്ടെത്തുന്നതിനാണത്. ക്രിസ്തുവിന്റെ സന്ദേശം എന്നും കാലോചിതമാണ്. അതിന് ചരിത്രത്തിന്റെ കേന്ദ്രത്തിലേക്കു പ്രവേശിക്കാൻ കഴിയും. ഓരോ മനുഷ്യന്റെയും അത്യഗാധമായ അസ്വസ്ഥതയോടു പ്രത്യുത്തരിക്കാനും കഴിയും. തന്മൂലം സഭയുടെ എല്ലാ അംഗങ്ങളും ഒരു വസ്തുത അറിഞ്ഞിരിക്കണം. "സഭയുടെ മിഷന്റെ അളവറ്റ ചക്രവാളങ്ങളും ഇന്നത്തെ സാഹചര്യത്തിന്റെ സങ്കീർണതയും ദൈവവചനം കാര്യക്ഷമമായി പകർന്നു നല്കുന്നതിന് പുതിയ മാർഗങ്ങൾ ആവശ്യകമാണെന്നതാണ്" ആ വസ്തുത (ബനഡിക്ട് 16-ാമൻ, സിനഡനന്തര അപ്പസ്തോലികാഹ്വാനം, *വെർബും ദോമിനി*, നമ്പർ 97). ഇത് ഒന്നാമതായി ആവശ്യപ്പെടുന്നത് യേശുക്രിസ്തുവിലുള്ള വൈയ

ക്തികവും സമൂഹപരവുമായ നവീകൃതമായ ഒട്ടിച്ചേരലാണ്. "പ്രത്യേകിച്ച്, ഇന്നു മനുഷ്യവംശം അനുഭവിച്ചുകൊണ്ടിരിക്കുന്ന തരത്തിലുള്ള അഗാധമായ പരിവർത്തനത്തിന്റെ കാലത്ത്" (അതേ അപ്പസ്തോലിക ലേഖനം നമ്പർ 8) അത് ആവശ്യമാണ്.

സുവിശേഷവത്കരണത്തിനുള്ള പ്രചോദനം നേരിടുന്ന ഒരു തടസ്സം യഥാർത്ഥത്തിൽ വിശ്വാസപരമായ വിഷമ സന്ധിയാണ്. പാശ്ചാത്യലോകത്തു മാത്രമല്ല മനുഷ്യവംശത്തിൽ മിക്കയിടത്തും അതുണ്ട്. മനുഷ്യവംശം ദൈവത്തിനായി ദാഹിക്കുകയും വിശക്കുകയും ചെയ്യുന്നു. അതിനെ നിത്യജീവന്റെ അപ്പത്തിലേക്കും സജീവ ജലത്തിലേക്കും ക്ഷണിച്ചുകൊണ്ടു വരണം. യാക്കോബിന്റെ കിണറ്റിനടുത്തേക്കുപോവുകയും ക്രിസ്തുവുമായി സംസാരിക്കുകയും ചെയ്ത സമരിയാക്കാരിയെയെന്നപോലെതന്നെ. യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നതുപോലെ ഈ സ്ത്രീയുടെ കഥ പ്രത്യേകം അർത്ഥപൂർണമാണ് (cf യോഹ 4:1-30). അവൾ തന്നോടു കുടിക്കാൻ ജലം ചോദിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. യേശു പിന്നീട് അവളോട് പുതിയ ജലത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നേക്കും ദാഹം ശമിപ്പിക്കാൻ കഴിയുന്ന ജലത്തെപ്പറ്റിയാണ് അവിടന്നു പറഞ്ഞത്, ആദ്യം അവൾക്ക് അതു മനസ്സിലായില്ല. അവൾ ഭൗതികതലത്തിൽ നിലകൊള്ളുന്നു. എന്നാൽ കർത്താവ് അവളെ ക്രമേണ വിശ്വാസയാത്ര നടത്താൻ പ്രേരിപ്പിക്കുന്നു. യേശു മിശിഹാ ആണെന്ന് അംഗീകരിക്കാൻ ആ യാത്ര അവളെ പ്രേരിപ്പിച്ചു. വിശുദ്ധ ആഗസ്തീനോസ് ഇതിനെപ്പറ്റി ഇങ്ങനെ പറയുന്നു: "കർത്താവായ ക്രിസ്തുവിനെ തന്റെ ഹൃദയത്തിലേക്കു സ്വാഗതം ചെയ്തുകഴിഞ്ഞിട്ട് തന്റെ കുടം ഉപേക്ഷിച്ച് ഗ്രാമത്തിലേക്കുപോയി സദ്വാർത്ത അറിയിക്കുകയെന്നതല്ലാതെ മറ്റെന്താണ് അവൾക്കു ചെയ്യാനാവുന്നത്?" (cf ഹോമിലി 15,30).

ഹൃദയദാഹം ശമിപ്പിക്കുന്ന സജീവവ്യക്തിയെന്ന നിലയിലുള്ള ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ ആ സാന്നിധ്യത്തിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ആഗ്രഹത്തിലേക്കു നയിക്കാതിരിക്കുകയില്ല. അവിടത്തെ അറിയിക്കാനുള്ള ആഗ്രഹത്തിലേക്കും നയിക്കാതിരിക്കുകയില്ല. എല്ലാവരും ഈ സന്തോഷം അനുഭവിക്കുന്നതിനാണത്. ദീർഘകാലം ക്രൈസ്തവ പാരമ്പര്യമുള്ളവരും ഇന്നു ദൈവവുമായുള്ള ബന്ധം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നവരുമായ സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും നവസുവിശേഷവത്കരണം വളർത്തുന്നതിന് വിശ്വാസം കൈമാറാനുള്ള ആവേശം പുതുക്കുക അത്യാവശ്യമാണ്. അവർ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്തുന്നതിനാണത്.

സുവിശേഷവത്കരിക്കാനുള്ള താത്പര്യം സഭാത്മകപ്രവർത്തനത്തി





ന്റെയും ക്രൈസ്തവരുടെ വൈയക്തിക ജീവിതത്തിന്റെയും പുറംപോക്കുകളിൽ ഒരിക്കലും നിലകൊള്ളരുത്. പിന്നെയോ ആ താത്പര്യം അവയുടെ സുശക്തമായ സവിശേഷതയായി നിലകൊള്ളണം. അവർക്കുവേണ്ടിയാണു സുവിശേഷം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയണം. അതേസമയം അവർ സുവിശേഷത്തിന്റെ മിഷണറിമാരാണെന്ന ബോധവും ഉണ്ടാകണം.

സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രം എന്നും ഒന്നുതന്നെയാണ്: ലോകരക്ഷയ്ക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള കെരിഗ്മ. ഓരോ സ്ത്രീയോടും പുരുഷനോടുമുള്ള ദൈവത്തിന്റെ കേവലവും സമ്പൂർണവുമായ സ്നേഹത്തെ സംബന്ധിച്ച കെരിഗ്മ. ആ സ്നേഹം നിത്യനായ തന്റെ ഏകജാതനെ, കർത്താവായ ക്രിസ്തുവിനെ അയയ്ക്കുന്നതിൽ പരമകോടിയിലെത്തി. യേശുക്രിസ്തു ആകട്ടെ നമ്മുടെ മനുഷ്യപ്രകൃതിയുടെ ദാരിദ്ര്യം ഏറ്റെടുക്കുന്നതിൽ വെറുപ്പു കാണിച്ചില്ല. അതിനെ സ്നേഹിക്കുകയും കുരിശിൽ സ്വയം സമർപ്പിച്ചുകൊണ്ട് അതിനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു.

ക്രിസ്തുവിൽ സംഭവിപ്പിച്ച ഈ സ്നേഹപദ്ധതിയിൽ ദൈവത്തിലുള്ള വിശ്വാസം ഒന്നാമത്തെ ദാനവും രഹസ്യവുമാണ്. അത് ഹൃദയത്തിലേക്കും ജീവിതത്തിലേക്കും സ്വാഗതം ചെയ്യപ്പെടണം. ആ ദാനത്തെപ്രതി കർത്താവിനോട് എപ്പോഴും നന്ദി പറയുകയും വേണം. പങ്കുവയ്ക്കാൻ വേണ്ടി നല്കപ്പെട്ട ദാനമാണ് വിശ്വാസം. ഫലം പുറപ്പെടുത്താൻ വേണ്ടി സ്വീകരിച്ച താലന്താണത്. ഒരിക്കലും മറച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു ദീപമാണത്. വീടു മുഴുവനും പ്രകാശിപ്പിക്കാനുള്ള ദീപമാണത്. നമ്മുടെ ജീവിതത്തിൽ നല്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ദാനമാണു വിശ്വാസം. അതു നമ്മുടേതു മാത്രമാക്കി വയ്ക്കാൻ പാടില്ല.

**പ്രഘോഷണം പരസ്നേഹമായി മാറുന്നു**

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ഹാ കഷ്ടം" എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞു (1 കോറി 9:16). എല്ലാ ഭൂഖണ്ഡങ്ങളിലെയും ക്രൈസ്തവനെയും ക്രൈസ്തവ സമൂഹത്തെയും സംബന്ധിച്ച് ഈ വാക്ക് വളരെ അർത്ഥവത്താണ്. പ്രേഷിതത്വത്തെക്കുറിച്ചുള്ള ബോധം മിഷൻപ്രദേശങ്ങളിലെ സഭകളുടെ പ്രകൃതിപരമായ ഒരു മാനമായിട്ടുണ്ട്. ആ സഭകളിൽ മിക്കതും ചെറുപ്പമാണ്. ഇന്നും അവർക്ക് മിഷണറിമാരെ ആവശ്യമുണ്ട്. അനേകം വൈദികരും സന്ന്യസ്തരുമായ സ്ത്രീപുരുഷന്മാരും അസംഖ്യം അല്മായരും കുടുംബങ്ങളും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും മറ്റുസ്ഥലങ്ങളിലേക്കു സാക്ഷ്യം വഹിക്കാനും ക്രിസ്തുനാമം പ്രഘോഷിക്കാനും പോകുന്നുണ്ട്. ആ നാമത്തിൽ മനുഷ്യ

വംശം രക്ഷ കണ്ടെത്തുന്നു. അതു പല സ്ഥലത്തുമുള്ള സഭാസമൂഹങ്ങളുമായുള്ളഅഗാധമായ സംസർഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും പ്രകടനമാണ്. അതുവഴി ഓരോ വ്യക്തിയും രക്ഷാകരപ്രഘോഷണം വീണ്ടും കേൾക്കുകയും യഥാർത്ഥ ജീവിതത്തിന്റെ ഉറവിടമായ കൂദാശകൾ സ്വീകരി ക്കുകയും ചെയ്യുന്നു.

സ്നേഹമാക്കി മാറ്റപ്പെട്ട വിശ്വാസത്തിന്റെ ഈ മഹോന്നത അടയാളത്തോടൊപ്പം പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെ ഞാൻ ഓർമ്മിക്കുക യും അവയ്ക്കു നന്ദിപറയുകയും ചെയ്യുന്നു. ലോകത്തെങ്ങും സഭയുടെ സാർവത്രിക മിഷന്റെ സഹകരണത്തിനുള്ള ഉപകരണങ്ങളാണവ. അവയുടെ പ്രവർത്തനം വഴി സുവിശേഷ പ്രഘോഷണം താഴെപ്പറയുന്ന കാര്യങ്ങൾകൂടി ആയിത്തീരുന്നു: അയൽക്കാരനുവേണ്ടിയുള്ള ഇടപെടൽ, ഏറ്റവും ദരിദ്രരായവർക്ക് നീതി, ഉൾഗ്രാമങ്ങളിൽ വിദ്യാഭ്യാസ സാധ്യത, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചികിത്സാസഹായം, ദാരിദ്ര്യത്തിൽ നിന്നുള്ള വിമോചനം, പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം, ജനതകളുടെ വികസനത്തിനു സഹായം, വംശവിവേചനത്തെ കീഴടക്കൽ, ജീവനോട് എല്ലാ അവസ്ഥകളിലും കാണിക്കുന്ന ആദരം.

പ്രിയസഹോദരീസഹോദരന്മാരേ, വിജാതീയർക്കായുള്ള പ്രേഷിതപ്രവർത്തനത്തിൻമേലും, പ്രത്യേകിച്ച് അതിന്റെ പ്രവർത്തകരുടെമേലും പരിശുദ്ധാത്മാവിന്റെ പ്രവാഹമുണ്ടാകാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ലോകചരിത്രത്തിൽ അത് സ്ഥിരതയോടെ പുരോഗമിക്കാനുള്ള ദൈവാനുഗ്രഹമുണ്ടാകാൻ വേണ്ടിത്തന്നെ. വാഴ്ത്തപ്പെട്ട ഹെൻട്രി ന്യൂമാനോടൊപ്പം ഇങ്ങനെ പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "ഓ, കർത്താവേ, സുവിശേഷവത്കരിക്കപ്പെടേണ്ട പ്രദേശങ്ങളിൽ അങ്ങുന്ന് അങ്ങയുടെ പ്രേഷിതരോടൊപ്പം സഞ്ചരിക്കണമേ. അവരുടെ അധരങ്ങളിൽ ശരിയായ വാക്കുകൾ നിക്ഷേപിക്കണമേ. അവരുടെ അധ്വാനം ഫലപൂർണമാക്കണമേ". സഭയുടെ അമ്മയും സുവിശേഷവത്കരണത്തിന്റെ നക്ഷത്രവുമായ കന്യകാമറിയം സുവിശേഷപ്രേഷിതരോടു കൂടെ ഉണ്ടായിരിക്കട്ടെ.

വത്തിക്കാനിൽനിന്ന്
**ബെനഡിക്ട് 16-ാമൻ മാർപാപ്പാ**

6 ജനുവരി 2012,
കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾ





## സീറോമലബാർ കുർബാനയിൽ മേജർ ആർച്ച്ബിഷപ്പിനെയും മെത്രാന്മാരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും അനുസ്മരിക്കുന്ന വിധം.

**(സിനഡിന്റെ (XX[th] Synod, Aug. 2012) നിശ്ചയപ്രകാരം തയ്യാറാക്കിയത്)**

**കാർമ്മി.** കർത്താവേ ശക്തനായ ദൈവമേ,
പ്രധാനാചാര്യനും സാർവ്വത്രികസഭയുടെ തലവനും
ഭരണാധികാരിയുമായ റോമായിലെ
മാർ(പേര്) പാപ്പായ്ക്കുവേണ്ടിയും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചബിഷപ്പ് മാർ (പേര്)
മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്)
മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ
പിതാവും മേലദ്ധ്യക്ഷനുമായ മാർ (പേര്)
മെത്രാനുവേണ്ടിയും (മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും)
പുരോഹിതന്മാർ, സമർപ്പിതർ,
അല്മായപ്രേഷിതർ എന്നിവർക്കുവേണ്ടിയും,
വിശുദ്ധ കത്തോലിക്കാസഭ മുഴുവനും വേണ്ടിയും
ഭരണകർത്താക്കൾ, മേലധികാരികൾ
എന്നിവർക്കുവേണ്ടിയും....

**വിശദീകരണം**

1. സഭയിൽ പ്രത്യേക ശുശ്രൂഷകളിലുള്ളവരെ പ്രാർത്ഥനയിൽ അവരുടെ പദവികളോടുകൂടി ഓർക്കുകയാണ് എല്ലാ ആരാധനാക്രമങ്ങളുടെയും രീതി. അതിനാൽ മാർപാപ്പ, മേജർ ആർച്ച് ബിഷപ്പ്, മെത്രാപ്പോലീത്താ, മെത്രാൻ എന്നീ ശുശ്രൂഷാപദവികൾ പ്രാർത്ഥനാനിയോഗത്തിൽ ചേർത്തു വേണം ചൊല്ലുവാൻ. മേജർ ആർച്ച്ബിഷപ്പിനുപകരമായി സഭയിൽ പലരും ഉപയോഗിച്ചുവരുന്ന ശ്രേഷ്ഠമെത്രാപ്പോലീത്താ എന്ന പദപ്രയോഗം ആ ശുശ്രൂഷാപദവിയുടെ അർത്ഥം വ്യക്തമാക്കാൻ ഉപകരിക്കുന്നതല്ല.'ശ്രേഷ്ഠ' എന്ന വിശേഷണം ഏതു വ്യക്തിയേയുംകുറിച്ച് ഉപയോഗിക്കാവുന്നതാണ്. ശ്രേഷ്ഠാചാര്യൻ, ശ്രേഷ്ഠകാതോലിക്കാബാവാ എന്നീ പദപ്രയോഗങ്ങൾ ഇപ്പോൾ തന്നെ നമ്മുടെ ഭാഷയിലുണ്ടല്ലോ. സാർവത്രിക സഭയുടെ തലവനായ മാർപാ

പ്പയെ അനുസ്മരിപ്പിക്കുന്നതുപോലെ നമ്മുടെ സഭയുടെ തലവനെയും മേജർ ആർച്ച്ബിഷപ്പ് എന്നു പറഞ്ഞ് അനുസ്മരിക്കുന്നതാണ് യുക്തം. തന്മൂലം മേജർ ആർച്ച്ബിഷപ്പ് എന്ന ശുശ്രൂഷാപദവി ഉപയോഗിച്ചുതന്നെവേണം പ്രാർത്ഥിക്കുവാൻ.

2. പൗരസ്ത്യ സഭാപാരമ്പര്യത്തിൽ മെത്രാന്റെ പിതാവിനടുത്ത സ്ഥാനത്തിനാണ് കൂടുതൽ പ്രാധാന്യംകൊടുക്കുന്നത്. പൗരസ്ത്യ കാനൻ നിയമത്തോട് പൂർണ്ണമായ വിശ്വസ്തത പുലർത്തികൊണ്ട് പുതിയ ടെക്സ്റ്റിൽ "സഭയുടെ തലവനും പിതാവും" എന്ന പ്രയോഗത്തിനുപകരം "സഭയുടെ പിതാവും തലവനും" എന്നാക്കിയിരിക്കുന്നു. (പൗരസ്ത്യ കാനൻ നിയമം CCEO55)

3. പുതിയ ടെക്സ്റ്റിൽ സമർപ്പിതരെയും അൽമായപ്രേഷിതരെയും കൂടി അനുസ്മരിക്കുന്നു.

## മ്ശംശാന, ഹെവ്പ്പദ്യാക്ന, കാറോയ എന്നീ പട്ടക്കാരുടെ അവകാശങ്ങളും കടമകളും

സീറോമലബാർ സഭയിലെ വൈദികവിദ്യാർത്ഥികൾക്ക് രണ്ടു ചെറുപട്ടങ്ങളും (Minor Orderts) രണ്ടു വലിയ പട്ടങ്ങളും (Major Orders) ആണല്ലോ നൽകപ്പെടുന്നത്. ഓരോ പട്ടവും സ്വീകരിക്കുന്നവർ സഭയിൽ നിർവ്വഹിക്കേണ്ട ശുശ്രൂഷകളെപ്പറ്റി വ്യക്തമായ ദൈവശാസ്ത്രപരവും കാനോനികവുമായ ധാരണകൾ സഭയ്ക്കുണ്ട്. പക്ഷേ, ഈ ധാരണകൾക്ക് ചേരാത്ത ശുശ്രൂഷകൾ വൈദികവിദ്യാർത്ഥികൾ നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ വിഷയം 2010 ആഗസ്റ്റിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ ചർച്ചാവിഷയമായി. അതിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് ചില നിർദ്ദേശങ്ങൾ നൽകേണ്ടത് ആവശ്യമായിരിക്കുന്നു. അതുകൊണ്ട്, നിലവിലുള്ള പോരായ്മകൾ പരിഹരിച്ച്, ഓരോരുത്തരും സ്വീകരിച്ചിട്ടുള്ള പട്ടത്തിനു ചേർന്ന ശുശ്രൂഷകൾ മാത്രം നിർവ്വഹിക്കുവാൻ വൈദികവിദ്യാർത്ഥികൾക്ക് കൃത്യവും വ്യക്തവുമായ ധാരണ നൽകണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്. ഇവ വിശ്വസ്തതാപൂർവ്വം നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് സെമിനാരി റെക്ടർമാരോടും സന്യാസസമൂഹശ്രേഷ്ഠന്മാരോടും ഇടവകവൈദികരോടും സ്നേഹപൂർവ്വം നിർദ്ദേശിക്കുന്നു.





### എത്രയും വേഗം തിരുത്തപ്പെടേണ്ടതായ ചില കാര്യങ്ങൾ

1. പുരോഹിത പദവിക്കു താഴെയുള്ളവർ (കാറോയ, ഹെവ്പ്പദ്യാക്ന, മ്ശംശാന) കാപ്പ ധരിച്ചുകൊണ്ട് ഒരു കർമ്മത്തിലും പങ്കെടുക്കുവാൻ പാടില്ല. അവരവരുടെ പട്ടത്തിനനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ മാത്രമെ ധരിക്കാവൂ.

2. കാറോയ, ഹെവ്പ്പദ്യാക്ന പട്ടം സ്വീകരിച്ചവർ ആരാധനക്രമ കർമ്മങ്ങൾക്കിടെ സുവിശേഷ പ്രഭാഷണം നടത്താൻ പാടില്ല. മ്ശംശാനമാർക്ക് മാത്രമെ അതിന് അനുവാദമുള്ളൂ.

3. കൂദാശപരികർമ്മവേളകളിൽ, സഹകാർമ്മികരായ വൈദികരുടെ പ്രാർത്ഥനകൾ മ്ശംശാനമാരോ ചെറുപട്ടങ്ങൾ സ്വീകരിച്ചവരോ ചൊല്ലാൻ പാടില്ല.

4. മെത്രാന്മാരും വൈദികരും മാത്രമെ വിശുദ്ധ കുർബാന നേരിട്ട് എടുത്ത് സ്വീകരിക്കാവൂ.

5. മ്ശംശാന, ഹെവ്പ്പദ്യാക്ന കാറോയ എന്നീ പട്ടങ്ങൾ സ്വീകരിച്ചവർക്ക് ചില കൂദാശാനുകരണങ്ങളിൽ കാർമ്മികരാകാമെങ്കിലും കുരിശടയാളത്തിൽ ആശിർവ്വാദം നല്കാൻ പാടുള്ളതല്ല (Particular Law 154,1,23).

### മ്ശംശാനയുടെ അവകാശങ്ങളും കടമകളും

സീറോ മലബാർ Particular Law-യിലെ നമ്പരുകൾ (ബ്രായ്ക്കറ്റിൽ നല്കിയിരിക്കുന്നു)

1. യാമപ്രാർത്ഥനകൾ ജപിക്കാൻ കടപ്പെട്ടിരിക്കുന്നു (Obligatory) (35)
2. ആരാധനക്രമകർമ്മങ്ങളിൽ ഔദ്യോഗികശുശ്രൂഷി ആകാം (78/1)
3. സുവിശേഷപ്രഭാഷണം നടത്താം (78/1)
4. വി. കുർബാന നൽകുമ്പോൾ കാസ സംവഹിക്കാം (78/1)
5. വി. കുർബാന നൽകുന്ന സാധാരണ ശുശ്രൂഷിയാകാം (78/1)
6. Para-liturgical service-ൽ (ഉദാ. വചനശുശ്രൂഷ) കാർമ്മികനാകാം (78/3)
7. പൊതുനിയമമനുസരിച്ച് വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങളിൽ കാർമ്മികനാകാം.

എന്നാൽ സമാപനാശിർവ്വാദപ്രാർത്ഥന ചൊല്ലുമ്പോൾ കുരിശടയാളത്തിൽ ആശീർവ്വാദം നല്കാൻ പാടില്ല. (മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, മൃതസംസ്ക്കാരം, വീടുവെഞ്ചിരിപ്പ്, പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവയ്ക്കൽ, പ്രദക്ഷിണം, അടിമ, മനസ്സമ്മത (ഒത്തുകല്യാണ)വേളയിൽ ഔദ്യോഗികസഹായി) (81)

8. വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ clerical habit ധരിച്ചിരിക്കണം (79)

9. രോഗികളെ സന്ദർശിക്കുക, അവരെ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരുക്കുക, അവർക്ക് വി. കുർബാന നൽകുക (78/4)

10. ഇടവകയിലെ പരസ്നേഹ പ്രവൃത്തികളിൽ സഹായിക്കുക (78/6)

## ഹെവ്പ്പദ്യാക്ക്നയുടെ അവകാശങ്ങളും കടമകളും

1. യാമപ്രാർത്ഥനകൾ ജപിക്കാൻ പഠിക്കുകയും, അതിലൂടെ ആദ്ധ്യാത്മിക ജീവിതം പരിപോഷിപ്പികയും ചെയ്യുക (31/1)

2. ആരാധനക്രമാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവ നിർവ്വഹിക്കാനുള്ള അവകാശവും കടമയും അവർക്കുണ്ട്. ധൂപിക്കുക, അൾത്താരയിൽ സഹായിക്കുക (to minister at the sacred altar), തിരുപ്പാത്രങ്ങൾ, ദേവാലയവാതിൽ, കെടാവിളക്ക് എന്നിവയുടെ കാര്യത്തിൽ ശ്രദ്ധിക്കുക, ദേവാലയത്തിലെ ചിട്ടകളും ക്രമങ്ങളും പാലിക്കുക.(31/3)

3. വി. കുർബാന നൽകുന്ന അസാധാരണ ശുശ്രൂഷികളായി മെത്രാന്മാർക്ക് അവരെ നിയോഗിക്കാം (31/4).

4. രൂപതാനിയമം അനുവദിക്കുന്നെങ്കിൽ മൃതസംസ്ക്കാരം, വീടുവെഞ്ചിരിപ്പ് എന്നിവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങൾ നടത്താൻ ഇടവക വികാരിമാർക്ക് അവരെ നിയോഗിക്കാം (154/1)

   (മറ്റുകൂദാശാനുകരണങ്ങൾ, അടിമ, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് (154/3).

5. കൂദാശാനുകരണങ്ങൾ, പരികർമ്മം ചെയ്യുമ്പോൾ, അവർക്ക് സമാപനാശിർവ്വാദ പ്രാർത്ഥന ചൊല്ലാവുന്നതാണ്. എന്നാൽ, കുരിശടയാളത്തോടുകൂടിയുള്ള ആശീർവ്വാദം വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നു (154/2)





## കാറോയക്കാരന്റെ അവകാശങ്ങളും കടമകളും

1. യാമപ്രാർത്ഥനകൾ ജപിക്കാൻ പഠിക്കുകയും, അതിലൂടെ ആദ്ധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുകയും ചെയ്യുക (31/1)

2. പഴയനിമയഗ്രന്ഥത്തിന്റെ ഔദ്യോഗിക വായനക്കാരനാകുവാനുള്ള അവകാശവും കടമയുമുണ്ട് (31/2).

3. വിശുദ്ധ കുർബാന നൽകുന്ന അസാധാരണ ശുശ്രൂഷികളായി മെത്രാന്മാർക്ക് അവരെ നിയോഗിക്കാം (31/4)

4. രൂപതാനിയമം അനുവദിക്കുന്നെങ്കിൽ മൃതസംസ്ക്കാരം, വീടുവെഞ്ചിരിപ്പ്, എന്നിവ ഒഴിച്ചുള്ള കൂദാശാനുകരണങ്ങൾ നടത്താൻ ഇടവക വികാരിമാർക്ക് അവരെ നിയോഗിക്കാം (154/1)

   (മറ്റു കൂദാശാനുകരണങ്ങൾ, അടിമ, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് (154/3)

5. കൂദാശാനുകരണങ്ങൾ പരികർമ്മം ചെയ്യുമ്പോൾ, അവർക്ക് സമാപനാശിർവ്വാദ പ്രാർത്ഥന ചൊല്ലാവുന്നതാണ് എന്നാൽ, കുരിശടയാളത്തോടുകൂടിയുള്ള ആശിർവ്വാദം വൈദികർക്കായി സംവരണം ചെയ്തിരിക്കുന്നു (154/2).

## Approved Centers of Marriage Preparation Course (Outside the Syro-Malabar Eparchies)

This is to inform Your Excellency that the marriage preparation course conducted by the following centers outside the Syro-Malabar eparchies in India and abroad have been approved by the Commission for Evangelization and Pastoral Care of the Migrants. This is in accordance with the decision of the Synod of Bishops **(Cf. Synodal News Vol. 17, p. 68).** They are conducting the course as per the approved syllabus given by the Commission for Evangelization and Pastoral Care of the Migrants, which is an appropriated version of the Syllabus prepared by the KCBC Family Commission.

**OUTSIDE INDIA**

**1. Austria**

Rev. Dr Thomas Thandappilly CST
Pfarrei Maria Lourdes, A-1120
Vienna, Tivoligasse 20
Tel. 817 42 06 (0699 1 19 66 771)
E-mail: thandappilly@aon.at

**2. United Kingdom**

Rev. Fr. Thomas Parayadyil MST
Co-ordinator
Our Lady of Lourdes
373 Bowes Road
London N11 1AA. U.K.
fr.coordinator@syromalabarchurchuk.org

**3. Saudi-Arabia**

1. **Dammam, Kobar, Jubail**
   Fr. Andrews Maliekal
2. **Riyad,**
   Fr. Sebastian Chamackala
3. **Jeddah**
   Fr. George Manthuruthil

**4. Australia**

Fr. Francis Kolencherry
National Coordinator
55 Franklin St Forrest, ACT, 2603, Australia,
Ph:61408267777,
E-mail: smncoordinatora@gmail.com

**WITHIN INDIA**

**5. Ahmedabad**

Rev. Fr. Kuriachan Paul
Episcopal Vicar for the Syro-Malabar Catholics
Diocese of Ahmedabad





Bishop's House, Mirzapur
Ahmedabad 380 001
Cell: 09327004196

**6. Chennai**

Rev. Dr Jose Palatty
St Thomas Pastoral Centre
16, Ayanavaram Road,
Chennai-600 023
Tel. 044- 26443803
E-mail: stpcchennai@yahoo.com

**7. Bangalore:**

Fr Mathew Koikara CMI
Vicar, St Thomas Forane Church
Dharmaram College P.O.
Bangalore-560 029
Tel No. 080-41116390
Email: fatherkoikara@yahoo.com

## Modality of correction in the register of Bapatism

**Situation:** Immediately after baptism we enter the date of birth in the register of baptism on the basis of the declaration of the concerned parties. We do not insist on bringing the birth certificate from the hospital in which the child was born, or from the Panchayath/Municipality. Sometimes, the persons who present the child for baptism communicate wrong date to the parish priest. Later, sometimes after a few years, the parents of the child happen to understand that the date is wrongly entered and they wish that it be corrected.

Procedure for correcting the date of birth in the register of baptism:

1. The guardian of the child whose date of birth is wrongly entered shall present a petition to the local hierarch requesting him to give direction to the parish priest of the church where

the baptism was administered to issue a certificate with the correct date of birth.

2. The guardian shall produce a copy of the page from the maternity register (birth register) of the hospital on which the details regarding the birth of the child is recorded, duly authenticated by the competent authority of the hospital.

3. The guardian shall produce an affidavit made before a public notary declaring that the date is wrongly recorded in the register of baptism and that such is the correct date of birth.

4. Report of the parish priest of the church where the baptism was administered concerning the entry in the register of baptism.

5. The local hierarch after having verified the authenticity, if he thinks necessary, of the documents presented by the guardian, he gives a written direction to the parish priest of the church where baptism was administered.

6. Accordingly, the parish priest corrects the error by writing the reference number of the order of the local hierarch and the correct date of birth in the remark column or margin of the register of baptism without making any alteration in the original entry, puts his signature to the new entry and issues a certificate with the correct date of birth.

7. The original entry of the date of birth is underlined with colour so that the event of correction may be easily noted in case of further reference.

8. All the documents presented by the guardian are to be kept in the archive of the eparchial curia.





2012



# BISHOP'S Engagements

**2012 OCTOBER**

| | | |
|---|---|---|
| 1 | | Palai |
| 2 | | Catechism Teachers' Convention |
| 3 | | Pre- Cana, Yuvakshetra, Mundur |
| | PM | Sehion Retreat Centre, Thavalam |
| 4 | | Sinai Retreat Centre, Mundur |
| 6 | | PSSP Meeting, Pastoral Centre |
| 7 | | Kottapuram |
| 9 | | Nirmala Dasi Generalate, Mulayam |
| 11 | | Sehion Retreat Centre, Thavalam |
| 13 | | Alwaye |
| 14 | AM | St. Pius $X^{th}$ Church, Olippara |
| | PM | St. Raphael's Cathedral, Palakkad |
| 18 | | Presbyteral Council Meeting |
| 20 | | Convent Blessing, Kongad |
| 21 | | Karimba |
| 23 | | Meeting, Pastoral Centre |
| 24 | | Sehion Retreat Centre, Thavalam |
| 27 | | Province Day, Jai Christo, Palakkad |
| | PM | A.K.C.C. Meeting, Bishop's House |
| 28 | | St. Andrews & Francis Church, Chittilancherry |
| 31 | PM | St. James the Great Church, Dhoni |

**2012 NOVEMBER**

| | | |
|---|---|---|
| 2 | AM | St. Raphael's Cathedral, Palakkad |
| | PM | Holy Spirit Forane Church, Mannarkkad |
| 3 | | FCC Vestition, Cathedral, Palakkad |
| 4 | | St. Antony's Church, Kodamthuruth |
| 5-13 | | Holy Land |




**ആദരാഞ്ജലികൾ**

ഫാ. ജേക്കബ് പനയ്ക്കൽ, ഒക്ടോബർ 28.

**വൈദിക തുടർപരിശീലന പരിപാടി**

വിശ്വാസവർഷം പ്രമാണിച്ച് വൈദികർക്കുവേണ്ടി നവംബർ 28 മുതൽ 30 വരെ മുണ്ടൂർ യുവക്ഷേത്രയിൽ വച്ച് തുടർപരിശീലന പരിപാടി നടത്തുന്നു. "വൈദികർ, വിശ്വാസ പ്രബോധകരും വിശ്വാസപരിശീലകരും" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. ജോസഫ് പാംപ്ലാനി അച്ചൻ ക്ലാസ്സുകൾ നയിക്കുന്നതാണ്. ക്ലാസ്സുകൾ 28-ാം തിയ്യതി 10.30ന് ആരംഭിച്ച് 30-ാം തിയ്യതി ഉച്ചഭക്ഷണത്തോടുകൂടി സമാപിക്കുന്നതാണ്. എല്ലാവൈദികരും അതിൽ സംബന്ധിക്കേണ്ടതാണ്.

**ജപമാല മാസം**

ഒക്ടോബർ ജപമാല ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിതമായ മാസമാണല്ലോ. ജപമാല മറിയത്തോടുള്ള പ്രാർത്ഥനയാണെങ്കിലും ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥനയാണ്. ജപമാല സമാധാനത്തിനും കുടുംബങ്ങളുടെ സുസ്ഥിതിക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ്. മറിയത്തോടൊപ്പം ക്രിസ്തുവിനെ ധ്യാനിക്കുകയാണ് ജപമാലയിൽ ചെയ്യുന്നത്. ജപമാല വഴി മറിയത്തോടൊപ്പം നാം ക്രിസ്തുവിന് അനുരൂപരാകുന്നു. ജപമാലയിൽ മറിയത്തോടൊപ്പം ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നു. ജപമാല സുവിശേഷത്തിന്റെ സംക്ഷിപ്ത രൂപമാണ്. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസം ജപമാല ആഘോഷമായി ചൊല്ലുന്ന പതിവുണ്ട്. ഈ പതിവ് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടതാണ്.

**മിഷൻ ഞായർ**

ഒക്ടോബർ 21-ാം തീയതിയാണ് ഈ വർഷം മിഷൻ ഞായറായി ആഘോഷിക്കുന്നത്. അന്നേദിവസം ലോകം മുഴുവനുമുള്ള സുവിശേഷ പ്രവർത്തനങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം. അന്നേദിവസത്തെ സംഭാവനകൾ മിഷൻ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുക. സംഭാവനകൾ സ്വീകരിച്ച് രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മിഷൻ ഞായർ കലണ്ടറും സംഭാവന കവറുകളും ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**വാർഷികധ്യാനം**

വൈദികരുടെ കഴിഞ്ഞ വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ബഹു. അച്ചന്മാർ ഡിസംബർ 31ന് മുമ്പ് വാർഷിക ധ്യാനത്തിൽ





പങ്കെടുത്ത് വിവരം രൂപതാകാര്യാലയത്തിൽ അറിയിക്കുകയും കുർബാന കണക്ക് ഏല്പ്പിക്കുകയും ചെയ്യേണ്ടതാണ്.

**രൂപതാ ഡയറക്ടറി**

2012-13 വർഷത്തെ രൂപതാ ഡയറക്ടറി ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്. വില. 100.00/-

**നിത്യാരാധന കപ്പേള**

സകല മരിച്ചവരുടെയും ഓർമ്മ ദിവസമായ നംവബർ 2ന് വി. കുർബാനയും ആരാധനയും പാലക്കാട് നിത്യാരാധന കപ്പേളയിൽ ഉണ്ടായിരിക്കുന്നതല്ല.

**താഴെ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച് ബഹു. അച്ചന്മാർ നിത്യാരാധന കപ്പേളയിൽ ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് മൂന്നുമണി മുതൽ കുമ്പസാരത്തിനു, ദിവ്യബലിക്കും ഉണ്ടായിരിക്കേണ്ടതാണ്.**

| | | |
|---|---|---|
| Oct. 06 | Sat | Rev. Fr. Saji Vattukalathil |
| Oct. 13 | Sat | Rev. Fr. Jospeh Chittilapilly |
| Oct. 20 | Sat | Rev. Fr. Jomis Kodakasseril |
| Oct. 27 | Sat | Rev. Fr. Stephen Emmatty |
| Nov. 03 | Sat | Rev. Fr. Jose Prakash Thoonikkavil |
| Nov. 10 | Sat | Rev. Fr. Thom Kizhakkedath |
| Nov. 17 | Sat | Rev. Fr Joshy Pulikkottil |
| Nov. 24 | Sat | Rev. Fr. Dominic Aippenparambil |
| Dec. 01 | Sat | Rev. Fr. Jose Kochuparambil |
| Dec. 08 | Sat | Rev. Fr. Martin Thattil |
| Dec. 15 | Sat | Rev. Fr. Ceejo Karikkattil |
| Dec. 22 | Sat | Rev. Fr. Jaimon Pallineerakkal |
| Dec. 29 | Sat | Rev. Fr. Mathew Vazhayil |

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 400 വിദ്യാർത്ഥികൾക്ക് 5000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് കുവൈറ്റ് മലയാളി കാത്തലിക്ക് അസ്സോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റ് (KMCA) നൽകുന്നതാണ്. അപേക്ഷകർ 2012 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 850 മാർക്ക് ഉള്ളവർ ആയിരിക്കണം. ($A^{+}$=90 marks, A =80 marks, $B^{+}$=70 marks, B=60 marks, $C^{+}$=50 marks, C=40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ

കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2012 നവംബർ 20-ാം തിയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം: Babu Abraham, Kizhakkedatha Mariam Complex, Pathanamthitta P.O. - 689 645.

## APPOINTMENTS

1. Rev. Fr. Xavier Khan Vattayil, Director, Sehion Ministries, Thavalam w.e.f. 22.09.2012
2. Rev. Fr. Antony Joseph Nedumpurath, Asst. Director, Sehion Ministries, Thavalam w.e.f. 22.09.2012
3. Rev. Fr. Binoy Karimaruthingal, Director, Sehion Retreat Centre, Thavalam. w.e.f. 22.09.2012

## അഭിനന്ദനങ്ങൾ



റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (BIBLICUM) നിന്നും Licentiate in Sacred Scripture (LSS) ൽ 92.5% മാർക്കോടുകൂടി ഉന്നത വിജയം കരസ്ഥമാക്കി രൂപതയിൽ തിരിച്ചെത്തിയ ബഹു. **സജി പനപ്പറമ്പിൽ** അച്ചന് അഭിനന്ദനങ്ങൾ...



ഹൈദരാബാദ് ഒസ്മാനിയ സർവ്വകലാശാലയുടെ കീഴിലുള്ള ലൊയോള കോളേജിൽ നിന്നും M.B.A. (Master in Business Administration)യിൽ ഉന്നതവിജയം കരസ്ഥമാക്കുകയും 2012ൽ നടത്തപ്പെട്ട National Eligibility Test for Lectureship (UGC Net) ൽ വിജയിക്കുകയും ചെയ്ത ബഹു. **സോജി മുണ്ടുപാലത്ത്** അച്ചന് അഭിനന്ദനങ്ങൾ...



ഭോപ്പാൽ മഖൻലാൽ ചതുർവേദി സർവ്വകലാശാലയുടെ കീഴിലുള്ള ഡൽഹിയിലെ National Institute of Social Communications Research and Training, NISCORT ൽ നിന്നും Audio Visual Communication ൽ ഒന്നാം റാങ്ക് നേടിയ ബഹു. **ഷൈജു നടുവത്താനിയിൽ** അച്ചന് അഭിനന്ദനങ്ങൾ...





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Nov-12 | THU | Rev. Fr. Vazheparambil Sebastian |
| 2-Nov-12 | FRI | Rev. Fr. Velliamkandathil Jaijin |
| 3-Nov-12 | SAT | Rev. Fr. Ackaparambil Joyson |
| 4-Nov-12 | SUN | Rev. Fr. Aippanparambil Dominic |
| 6-Nov-12 | TUE | Rev. Fr. Alackakunnel Jose |
| 7-Nov-12 | WED | Rev. Fr. Aloor John |
| 8-Nov-12 | THU | Rev. Fr. Angeveettil Jose |
| 9-Nov-12 | FRI | Rev. Fr. Anjilimoottil Cherian |
| 10-Nov-12 | SAT | Rev. Fr. Aricatt C. Antu |
| 12-Nov-12 | MON | Rev. Fr. Arisseriyil Thomas |
| 13-Nov-12 | TUE | Rev. Fr. Chakkalakal Joshy |
| 14-Nov-12 | WED | Rev. Fr. Chakkumpeedika Davis |
| 15-Nov-12 | THU | Rev. Fr. Cheniyara Jose |
| 16-Nov-12 | FRI | Rev. Fr. Cheekkapara Joy |
| 17-Nov-12 | SAT | Rev. Msgr. Chittilapilly Joseph |
| 19-Nov-12 | MON | Rev. Fr. Chittilapally Jose P. |
| 20-Nov-12 | TUE | Rev. Fr. Chothirakottu Peter |
| 21-Nov-12 | WED | Rev. Fr. Edathala George |
| 22-Nov-12 | THU | Rev. Fr. Emmatty Lino |
| 23-Nov-12 | FRI | Rev. Fr. Ettonnil Gilbert |
| 24-Nov-12 | SAT | Rev. Fr. Ettumanookaran Martin |
| 26-Nov-12 | MON | Rev. Fr. Kaitharath Antony |
| 27-Nov-12 | TUE | Rev. Fr. Kalampadan Martin |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപകദിനം**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ചൊവ്വാഴ്ചയാണ് ആഘോഷിക്കുന്നത്. പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്ന മതാദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**രൂപതാ കൗൺസിൽ അംഗങ്ങളെല്ലാവരും ഒക്ടോബർ 1-ാം തിയ്യതി തിങ്കളാഴ്ച വൈകുന്നേരം 4.30ന് രൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.**

മതാദ്ധ്യാപകദിനത്തിൽ മതബോധനരംഗത്ത് 15, 25, 35 വർഷങ്ങളായി സേവനം ചെയ്ത മതാദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കായി നടത്തിയ സാഹിത്യ മത്സരവിജയികൾക്കും, 2011-12 സ്ക്കോളാസ്റ്റിക് ടെസ്റ്റ് വിജയികൾക്കും സമ്മാനങ്ങൾ നല്കി അനുമോദിക്കുന്നു.

NB : മതാദ്ധ്യാപക ദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി സർവ്വീസ് കാർഡുകൾ ധരിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**35 വർഷ അവാർഡ്**

1. കെ. ജെ. മാത്യു - ചുള്ളിയാംകുളം

**25 വർഷ അവാർഡ്**

1. മാത്യു സി.എം. - കല്ലടിക്കോട്
2. തങ്കമ്മ ജോസ് - കുളക്കാട്ടുകുർശ്ശി
3. സി. മേരി സുമ സി.എം.സി. - കല്ലേക്കാട്
4. തോമസ് ആന്റണി - പൊന്നംകോട്
5. ജോസഫ് എം.ജെ. - കാരറ
6. ഡെന്നി തെങ്ങുംപിള്ളി - സ്നേഹഗിരി

**15 വർഷ അവാർഡ്**

1. ദേവസ്യ മുള്ളുപുരയ്ക്കൽ - കാഞ്ഞിരപ്പുഴ
2. സോണി പോൾ - ഇരുമ്പകച്ചോല
3. മാത്യു എ.ജെ. - മേരിലാന്റ് (ചിറ്റടി)
4. മറിയാമ്മ തോമസ് - ഇളവംപാടം
5. ഫിലോമിന ആന്റണി - ഇളവംപാടം





6. സിമിലി ജോയ് - കടപ്പാറ
7. ബാബു പി.ഡി. - പോത്തുണ്ടി
8. ഷിജോ മാത്യു - ഓടംതോട്
9. അലക്സ് സ്കറിയ - ഓടംതോട്
10. ബീന ജെയിംസ് - സെന്റ് ജൂഡ്, മലമ്പുഴ
11. ഷാജി ജോസഫ് - പുലാപ്പറ്റ
12. മണിക്കുട്ടി കുഞ്ഞുമോൻ - കുളക്കാട്ടുകുർശ്ശി
13. തോമസ് സി.ജെ. - കൂനത്തറ
14. സി. പാവന സി.എം.സി. - കത്തീഡ്രൽ
15. മേരിക്കുട്ടി മാത്യു - കല്ലേക്കാട്
16. ആലീസ് സിറിയക് - കഞ്ചിക്കോട്
17. ബെന്നി ടി.ജെ. - കൊടുന്തിരപ്പുള്ളി
18. ബിജുമോൻ ഫിലിപ്പ് - കല്ലടിക്കോട്
19. എൽസി ബേബി - താവളം
20. ആന്റോ ജോസഫ് - കാരറ
21. ഷിബു എൻ. വി. - പാസ്റ്ററൽ സെന്റർ

**മതാദ്ധ്യാപകരുടെ സാഹിത്യമത്സരവിജയികൾ**

**ഉപന്യാസം**

Ist കുര്യൻ വാഴപ്പിള്ളി - ടൗൺ ചർച്ച് പാലക്കാട്
IInd സി. മരീന CSS - കല്ലടിക്കോട്
IIIrd സി. ട്രിനി CMC - കത്തീഡ്രൽ

**ചെറുകഥ**

Ist സി. ട്രിനി CMC - കത്തീഡ്രൽ
IInd ഷാജി ജോസ്. കെ. - എടത്തനാട്ടുകര
IIIrd ഷിജി ബെന്നി - അഗളി

**കവിത**

Ist സെലിൻ ടോം - തച്ചനടി
IInd സി. ജോയ്സി ഒ.പി. - മണ്ണാർക്കാട്
IIIrd ഷിജി ബെന്നി - അഗളി

സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**മതാദ്ധ്യാപക ധ്യാനം**

ഒക്ടോബർ 23 ചൊവ്വാഴ്ച മംഗലംഡാം ഫൊറോനയിൽ മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നു. എല്ലാ മതാദ്ധ്യാപകരും പങ്കെടുക്കുമല്ലോ.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

HDC കറസ്പോണ്ടൻസ് കോഴ്സിനായി രൂപതാമതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കായുള്ള ക്ലാസുകളുടെ തിയ്യതികൾ ചുവടെ ചേർക്കുന്നു.

ക്ലാസ് നടക്കുന്ന തിയ്യതികൾ - ഒക്ടോബർ 23, 24 ഡിസംബർ 26

സ്ഥലം - പാസ്റ്ററൽ സെന്റർ.

NB: ഒക്ടോബർ 23ന് പാസ്റ്ററൽ സെന്ററിൽ താമസിക്കുവാൻ ഒരുങ്ങി വരേണ്ടതാണ്. പഠിക്കുന്ന പുസ്തകം, നോട്ട്ബുക്ക്, ബൈബിൾ, ഉപപാഠപുസ്തകം, ബെഡ്ഷീറ്റ് എന്നിവ കരുതണം.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"യേശുനാമം ഏകരക്ഷാനാമം"** എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യേശുമാത്രമാണ് ഏക രക്ഷാമാർഗ്ഗം എന്ന വിശ്വാസത്തിൽ അടിയുറച്ച്, വളരുന്ന തലമുറക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 24 | ബുധൻ | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | വെള്ളി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2012 ഡിസംബർ 1-ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. ഫൊറോനയിൽ നിന്നും ഒന്നാം സ്ഥാനത്തെത്തുന്ന ഒരു മാസിക മാത്രമെ രൂപതയിലേക്ക് അയയ്ക്കേണ്ടതുള്ളൂ.





**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. പഠനഭാഗം -80 മാർക്ക്, ജനറൽ ക്വിസ് - 10 മാർക്ക്, ലോഗോസ് ക്വിസ് - 10 മാർക്ക്. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ. (വിശ്വാസപരിശീലന കലണ്ടർ 2012 -13, പേജ് 38)

ജനറൽ ക്വിസ് (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

| | | |
|---|---|---|
| പഠനഭാഗം : | യു.പി. | പേജ് 155-183 |
| | എച്ച്.എസ്. | പേജ് 21-50 |
| | എച്ച്.എസ്.എസ്. | പേജ് 51- 98 |

**അധ്യാപകരുടെ ക്വിസ് മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. ഒക്ടോബർ 13-ാം തിയ്യതി ഫൊറോന തലവും നവംബർ 24ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

പഠനഭാഗം (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽ ക്വിസ് - 50% (പേജ് 100-143), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)

**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. ഒക്ടോബർ 13ന് ഫൊറോന തലവും ഡിസംബർ 8ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽക്വിസ് - 50% (യു.പി 155-215; എച്ച്.എസ്. 21-50, 100-132; എച്ച്.എസ്.എസ്. 51 -98, 134-149), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)

**രൂപതാതല സമ്മാനങ്ങൾ**

1-ാ സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാ സമ്മാനം- 750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാ സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**SMCC അവാർഡ്**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ അവാർഡിനായുള്ള ഫൊറോന, രൂപത തലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഈ മാസം ആരംഭിക്കുന്നു. മേഖലാതല ശിൽപശാലകളുടെ സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു. മേഖലാതല ശിൽപാശാലകൾ നടക്കുന്നയിടത്തുള്ള 9.30am ന്റെ വി. കുർബാനയോടുകൂടെയായിരിക്കും ആരംഭിക്കുക.

ഒക്ടോ. 14 ഞായർ 9.30 amto 4.00pm വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട് ഫൊറോനകൾ
(വടക്കഞ്ചേരിഫൊറോന പാരിഷ്ഹാൾ)

രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 17-ാം തിയ്യതി വെകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 18-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു. SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 27,28,29 തിയ്യതികളിലായി നടക്കുന്നു.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാർ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.
സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

ഒക്ടോ. 13 ശനി 10am to 4pm താവളം മേഖല
(സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം)

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2012**

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയുടെ പേരുമടക്കം നവംബർ 1 ന് മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2012 നവംബർ 24 ന് രാവിലെ 10.00 മുതൽ ആയിരിക്കും. A വിഭാഗത്തിന്റെ





ടെലിക്വിസ് വൈകുന്നേരം 4 മണിക്ക് ആരംഭിക്കും. B വിഭാഗം 6 മണിക്കും C വിഭാഗം 9 മണിക്കും D,E,F വിഭാഗങ്ങളുടെ ടെലിക്വിസ് നവംബർ 25ന് 9.00 am, 11.00 am, 2.00 pm എന്നീ സമയങ്ങളിലും, ഗ്രാന്റ് ഫിനാലെ 4 മണിക്കും നടക്കും. സമ്മാനദാനം വൈകിട്ട് 5.30ന് ആരംഭിക്കും.

**വിശ്വാസവർഷ ബൈബിൾ കലോത്സവം**

വിശ്വാസവർഷ ബൈബിൾ കലോത്സവത്തിന്റെ രൂപതാതല മത്സരങ്ങൾ നവംബർ 10 ശനിയാഴ്ച നടത്തപ്പെടുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

നവം. 03 ശനി 9.30 am to 4.00 pm മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)
നവം. 13 ചൊവ്വ 9.30 am to 4.00 pm ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷം ബൈബിൾ കലോത്സവം നടക്കുന്നതിനാൽ അൾത്താര സംഘം ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം

## തിരുബാലസഖ്യം

**തുടർന്നു വരുന്ന സെമിനാറുകൾ**

നവം. 03 ശനി 9.30 am to 4.00 pm മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)
നവം. 13 ചൊവ്വ 9.30 am to 4.00 pm ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ചെറുപുഷ്പ മിഷൻ ലീഗ്

എല്ലാ കുഞ്ഞു മിഷനറിമാർക്കും ജപമാല മാസാചരണത്തിന്റെ പ്രാർത്ഥ നാശംസകൾ നേരുന്നു. പ്രവർത്തന വർഷാരംഭത്തിൽ നാം തീരുമാനിച്ച തുപോലെ ഈ ജപമാല മാസത്തിൽ ഓരോ മിഷൻ രൂപതകളേയും പ്രത്യേ കമായി സമർപ്പിച്ചുകൊണ്ട് ഓരോ കുഞ്ഞു മിഷനറിമാരും വ്യക്തിപരമായും സമൂഹത്തോടും കുടുംബത്തോടും ഒരുമിച്ച് ജപമാല അർപ്പിക്കുവാൻ ശ്രദ്ധി ക്കുമല്ലോ. ഞാനും ഒരു മിഷനറി, മിഷൻ രൂപതക്ക് എന്റെ പ്രാർത്ഥന എന്ന ചിന്ത നമ്മുടെ മനസ്സിൽ ഈ അവസരത്തിൽ നിറയട്ടെ. തുടർന്നുള്ള പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

ഒക്ടോ. 1 സംഘടനാ മദ്ധ്യസ്ഥ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ :
ശാഖകളിൽ സമ്മേളനം നടത്തി തിരുനാൾ സമുചിതമായി ആഘോഷിക്കുക.

ഒക്ടോ. 03 സംഘടനാ സ്ഥാപക ദിനം : അന്നേ ദിവസം ദിവ്യബലിയിൽ അംഗങ്ങൾ പങ്കെടുത്ത് സംഘടനയുടെ പ്രേഷിത പ്രവർത്ത നങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

ഒക്ടോ. 13 വടക്കഞ്ചേരി, മേലാർക്കോട് മേഖലകൾ
ഏകദിന സെമിനാർ - രണ്ടുമേഖലകളും ഒരുമിച്ച്.

ഒക്ടോ. 21 മിഷൻ ഞായർ
ഭാരതത്തിലെ എല്ലാ പ്രേഷിത പ്രവർത്തനങ്ങളെയും മിഷന റിമാരേയും സമർപ്പിച്ച് പ്രാർത്ഥിക്കുക.

ഒക്ടോ. 23 ഏകദിന സെമിനാർ
പാലക്കാട്, ഒലവക്കോട്, തത്തമംഗലം മേഖലകൾ
മൂന്നു മേഖലകളും ഒരുമിച്ചായിരിക്കും സെമിനാർ.

ഒക്ടോ. 24 ഏകദിന സെമിനാർ, കാഞ്ഞിരപ്പുഴ മേഖല

ഒക്ടോ. 26 താവളം മേഖല
സെമിനാറുകൾക്ക് ആവശ്യമായ ഒരുക്കങ്ങൾ നടത്തുക. അംഗ ങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

സംഘടനയുടെ രൂപതാതല പ്രവർത്തനങ്ങളിൽ സന്മനസ്സോടും അർപ്പണ മനോഭാവത്തോടും സഹകരിക്കുകയും പങ്കാളികളാവുകയും ചെയ്യുന്ന ഏവരേയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും സജീവ സഹക





രണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ ജപമാല മാസാചരണം നമ്മെ ദൈവമാതൃഭക്തിയിൽ വളർത്തുന്നതാകട്ടെ.

**സുകൃതജപം :** ദൈവമാതാവായ മറിയമെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി ക്കണമെ.

**ഫാ. നിലേഷ് തുരുത്തുവേലിൽ**

ഡയറക്ടർ, സി. എം. എൽ.

# സി. എൽ. സി

സെപ്റ്റംബർ 8-ശനിയാഴ്ച പരി. കന്യകാമറിയത്തിന്റെ പിറവിതിരു ന്നാൾ എല്ലാ യുണിറ്റുകളിലും സ്നേഹഭക്ത്യാ ആചരിച്ചു എന്ന് അറിഞ്ഞ തിൽ സന്തോഷം രേഖപ്പെടുത്തുന്നു.

അന്നേ ദിവസം തന്നെ മംഗലംഡാം മേഖലയുടെ കീഴിൽ സി.എൽ. സി. നടത്തിയ ഏകദിന സെമിനാർ 170 ഓളം യൂണിറ്റംഗങ്ങളുടെ പങ്കാളി ത്തത്തോടെ വൻവിജയമാക്കി തീർക്കാൻ സാധിച്ചു. ഫാ. ജസ്റ്റിൻന്റെ നേതൃ ത്വത്തിൽ നടന്ന ക്ലാസ്സ് അംഗങ്ങൾക്ക് സി.എൽ.സി.യെ കുറിച്ച് പുതിയ ഉൾക്കാഴ്ചകൾ നൽകുന്നവയായിരുന്നു. ആ ദിവസത്തെ ഒരവിസ്മരണീയ മായ ദിനമാക്കിയ യൂണിറ്റംഗങ്ങൾക്കും പ്രത്യേകിച്ച് സെമിനാർ ഓർഗനൈസ് ചെയ്ത മേഖല ഓർഗനൈസർ, മേഖല ഡയറക്ടർ ഫാ. സനിൽ, ആനി മേറ്റേഴ്സ് മറ്റു ഇടവക ഡയറക്ടർമാർ എന്നിവരെ ഏറെ നന്ദിയോടെ ഓർക്കു കയും അവരുടെ നിസ്വാർത്ഥ സേവനത്തിന് സ്നേഹത്തിന്റെ ഭാഷയിൽ നന്ദിയും രേഖപ്പെടുത്തുന്നു.

ഒക്ടോബർ ഒന്ന് വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ഏവരും ഭക്തി യോടും, സുകൃതത്തോടും കൂടെ അനുസ്മരിക്കണമെന്ന് ഓർമ്മപ്പെടുത്ത ട്ടെ. ഏവർക്കും വി. കൊച്ചുത്രേസ്യയുടെ തിരുന്നാൾ മംഗളങ്ങൾ. ഒക്ടോ ബർ 13 ശനി പാലക്കാട് മേഖല ഏകദിനസെമിനാറിനുള്ള ഒരുക്കങ്ങൾ നട ത്താൻ അതാതു മേഖലയിലുള്ളവർ ശ്രദ്ധിക്കുമല്ലോ...

**പ്രാർത്ഥന:**"എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തെ ഉയർത്തലാണ് പ്രാർത്ഥന.സ്വർഗ്ഗത്തിലേക്കുള്ള ലളിതമായ ഒരു നോട്ടമാണത്" എന്ന് വി കൊച്ചുത്രേസ്യയുടെ പ്രാർത്ഥനാമനോഭാവം ഉൾക്കൊള്ളുക.

**പഠനം:** അഞ്ചു പ്രധാന ഇനം പ്രാർത്ഥനകളുടെ പേരും സവിശേഷതയും പഠിക്കുക.

**പ്രവർത്തനം:** ആദിമ ക്രൈസ്തവസമൂഹത്തിന്റെ പ്രാർത്ഥനാജീവിതം. വിശ്വാസം എന്നിവ സ്വന്തം ജീവിതത്തിൽ അനുവർത്തിക്കുക

**ഫാ. മാർട്ടിൻ കളമ്പാടൻ**

ഡയറക്ടർ, സി.എൽ.സി.

# കെ. സി. വൈ. എം

**ജപമാല മാസം - അഖണ്ഡജപമാല**

ഒക്ടോബർ 1 മുതൽ 31 വരെ ജപമാല മാസമായി ആചരിച്ച് അഖണ്ഡജപമാല യജ്ഞത്തിലൂടെ പരിശുദ്ധ കന്യകാമാതാവിന്റെ കൃപാവരത്തിനായി നമുക്ക് യാചിക്കാം. 1 മുതൽ 31 വരെ യൂണിറ്റുകളിൽ യുവജനങ്ങൾ ഒരുമിച്ചുചേർന്ന് ജപമാല ചൊല്ലണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സംസ്ഥാന ക്യാമ്പ്-എഫാത്ത 2012**

പാലക്കാട് രൂപതയിൽ സംസ്ഥാന സമിതി നേതൃത്വം നൽകുന്ന എഫാത്ത 2012 ക്യാമ്പ് ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രിയിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. സിജോ ജോസ് മാനന്തവാടി, ശ്രീ. ബൈജു തൃശ്ശൂർ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്യാമ്പ് 'നവസുവിശേഷവത്കരണം നവയുഗസൃഷ്ടിക്ക്' എന്ന പഠന വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കുവാനും പ്രാവർത്തികമാക്കുവാനും ഉതകുന്നതായിരുന്നു. ക്യാമ്പിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാവർക്കും പ്രത്യേകിച്ച് യുവജനങ്ങളെ പറഞ്ഞുവിട്ട യൂണിറ്റുകളിലെ ഡയറക്ടർ അച്ചന്മാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

# മാതൃസംഘം

**വിശ്വാസോത്സവ് 2012 മാതൃസംഘം ഫൊറോനതല കലാമത്സരം**

**മത്സരങ്ങൾ : ചില നിബന്ധനകൾ**

ജൂനിയർ 39 വയസ്സുവരെ, സീനിയർ 55 വരെ,
സൂപ്പർസീനിയർ 55ന് മുകളിൽ

ഫൊറോന തലത്തിൽ നിന്നും ഒന്നാം സ്ഥാനക്കാർ മാത്രം.
ഒരാൾക്ക് വ്യക്തിഗത ഇനങ്ങളിൽ 4 ഇനങ്ങൾ മാത്രം

**വ്യക്തിഗതം** - വചനപാരായണം (സമ്പൂർണ്ണ ബൈബിൾ 3 മിനിറ്റ്)
- പ്രസംഗം (5 മിനിറ്റ്)
- ലളിതഗാനം (5മിനിറ്റ്)
- മെമ്മറി ടെസ്റ്റ് (1 മിനിറ്റ് കാണാൻ, 3 മിനിറ്റ് എഴുതാൻ)





- മോണോ ആക്ട് (3 മിനിറ്റ്)
- ഫാൻസിഡ്രസ്സ് (2 മിനിറ്റ്)
- കവിതാപാരയണം (5 മിനിറ്റ്) (നോക്കി പാടാൻ പാടില്ല)

2012 നവംബർ 10ന് രൂപതാതല ബൈബിൾ കലോത്സവം നടക്കുന്നതിനാലും ഫൊറോനകളിലെ കൂടുതൽ യൂണിറ്റുകളും രൂപതയിൽ അഫിലിയേഷൻ ഈ വർഷം നടത്താത്തതിനാലും (രൂപതാതല മത്സരങ്ങളിൽ അയോഗ്യത) 2012 പ്രവർത്തന വർഷത്തിൽ രൂപതാതല കലാമത്സരങ്ങൾ ഉണ്ടായിരിക്കുകയില്ല. അതതു ഫൊറോനകളിൽ എല്ലാ യൂണിറ്റുകളേയും അമ്മമാരേയും (അഫിലിയേഷൻ പരിഗണിക്കാതെ) ഉൾപ്പെടുത്തി ഉത്സാഹത്തോടെ വിശ്വാസോത്സവ് 2012 സംഘടിപ്പിക്കണം.

**ഗ്രൂപ്പ് ഇനം** - സമൂഹഗാനം (5 മിനിറ്റ്)
- പുത്തൻപാന (5 മിനിറ്റ്) (പരമ്പരാഗത വേഷം)
- ബൈബിൾ നിശ്ചലദൃശ്യം (ടാബ്ലോ) (3 മിനിറ്റ്)
  പിന്നിൽ നിന്നും അനൗൺസ്മെന്റ് മാത്രം
- ബൈബിൾ ദൃശ്യാവതരണം (Pantomime) 10 മിനിറ്റ്
  പരമാവധി 10 പേർ, 7 മിനിറ്റ് അവതരണം, 3 മിനിറ്റ് ഒരുക്കം, സ്റ്റേജ് ക്ലിയറൻസ്
- മാർഗ്ഗംകളി (7 മിനിറ്റ്) 3 പാദം
  വന്ദനപാദം, സമാപന ചുവടുകൾ നിർബന്ധം, ഒരു പാദം മുഴുവനും കളിക്കണം.

**സ്ഥലം: പാലക്കാട് പാസ്റ്ററൽ സെന്റർ, 2012 നവംബർ 13 ന്**

a. രജിസ്ട്രേഷൻ ഫോം ജൂനിയർ, സീനിയർ, സൂപ്പർസീനിയർ പൊതുവായ ഇനം തിരിച്ച് ഓരോ ഷീറ്റിൽ.

b. ജൂനിയർ 1973 ജനുവരി 1 നുശേഷം ജനിച്ചവർ

സീനിയർ 1957 ജനുവരി 1 നും 1972 ഡിസംബർ 31 നുൾപ്പെടെ ഇടയ്ക്കും ജനിച്ചവർ.

സൂപ്പർ സീനിയർ 1957 ജനുവരി 1 ന് മുമ്പ് ജനിച്ചവർ.

c. ജനനതീയതിക്ക് വികാരിയുടെ സാക്ഷ്യപത്രം നിർബന്ധം.

d. ഗ്രൂപ്പിനങ്ങളിൽ പങ്കെടുക്കുന്നവരുടെ മുഴുവൻ പേരുകളും നൽകിയിരിക്കണം.

e. ക്രിസ്തീയ പ്രമേയങ്ങളും ബൈബിൾ അധിഷ്ഠിതവും ആണ്.

f. വ്യക്തിഗത ചാമ്പ്യൻഷിപ്പ് 2 ൽ കൂടുതൽ വ്യക്തിഗത ഇനങ്ങളിൽ മത്സരിച്ച് കൂടുതൽ പോയിന്റ്.

g. വചനപാരായണം തത്സമയം നറുക്കെടുത്തു നല്കുന്ന വചനഭാഗം നല്കപ്പെടുന്ന POC സമ്പൂർണ്ണ ബൈബിളിൽ നിന്ന് കണ്ടുപിടിച്ച് വ്യക്തമായി സ്ഫുടമായി വായിക്കണം.

**രൂപതാതല സെമിനാർ**

വിശ്വാസോത്സവ് 2012 രൂപതാതല ഏകദിനസെമിനാർ 2012 നവംബർ 13ന് രാവിലെ 10 മണിക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നു. ഒരു യൂണിറ്റിൽ നിന്നും കുറഞ്ഞത് 10 പേരെങ്കിലും പങ്കെടുക്കണം. പങ്കെടുക്കുന്നവരുടെ എണ്ണം 2012 നവംബർ 10-ാം തിയ്യതിക്ക് മുമ്പ് രൂപതാ ഡയറക്ടറെ അറിയിക്കണം. ഫൊറോനാതലത്തിൽ ഫൊറോന ഡയറക്ടർമാർ/ഫൊറോന പ്രസിഡന്റുമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ. വിശ്വാസവർഷം പ്രമാണിച്ചുള്ള ഈ സെമിനാറിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജി. ഫീസ് യൂണിറ്റ് ഒന്നിന് 175 രൂപ.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2012 ഒക്ടോ. 1, 2, 3, 4** തിയ്യതികളിൽ, **നവംബർ 5, 6, 7, 8** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





## മദ്യവിരുദ്ധസമിതി

**"വീഞ്ഞ് കുടിച്ച് മദിക്കരുത്. നീ നാശത്തിലേയ്ക്ക് തെന്നിവീഴും"**
**കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനം.** (പ്രഭാ.9:9)

കുടുംബത്തിന് ക്ഷതമേറ്റാൽ സമൂഹഘടന തകരും അങ്ങനെ മദ്യപാനത്തിന്റെ അനിവാര്യമായ തകർച്ച സംഭവിക്കുകതന്നെ ചെയ്യും. മദ്യം സമൂഹത്തിന്റെ ഏറ്റവും ചെറിയ പതിപ്പായ കുടുംബത്തെ വേരോടെ തകർക്കും. അമ്മമാരും കുട്ടികളും ജീവച്ഛവങ്ങളാക്കപ്പെടും. കുടുംബബന്ധങ്ങൾ, സാമ്പത്തിക ഭദ്രത, കുട്ടികളുടെ വളർച്ചയും, വിദ്യാഭ്യാസവും തകർക്കപ്പെടും. മദ്യപാനത്തിന്റെ ഫലമായ രോഗം, പട്ടിണി, അസമാധാനം, അസംതൃപ്തി എന്നിവ കുടുംബങ്ങളിൽ നിത്യസംഭവങ്ങളായി മാറും. ഈ അവസ്ഥ കുടുംബങ്ങളെ ഭൂമിയിലെ നരകമാക്കി മാറ്റും. കാരണം മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും അടിമപ്പെട്ട വ്യക്തി ഓരോ നിമിഷവും ദൈവത്തിൽ നിന്നും ദൈവവിചാരത്തിൽ നിന്നും അകലുകയും മനുഷ്യന് ദൈവം കനിഞ്ഞു നൽകിയ ധാർമ്മിക മൂല്യങ്ങൾ, സദാചാരബോധം, വിശ്വാസം എന്നിവ കൈമോശം വന്നവനായി സകല തിന്മകളിലേയ്ക്കും തിന്മയുടെ ഫലമായ തകർച്ചയിലേയ്ക്കും നയിക്കപ്പെടുന്നു. അങ്ങനെ മദ്യപാനം പാപകരമായ രോഗമാണെന്ന് തെളിയിക്കുന്നു. അതുകൊണ്ട് ഈ വിശ്വാസവർഷത്തിന്റെ ആരംഭത്തിൽ തന്നെ നമ്മുടെ കുടുംബങ്ങളിൽ മദ്യത്തെയും മദ്യത്തിന്റെ ഫലമായ തകർച്ചയെയും പുറത്താക്കി ക്രിസ്തുവിനെയും പരിശുദ്ധാത്മാവിന്റെ ഫലങ്ങളെയും കുടുംബങ്ങളിൽ സ്വീകരിക്കാൻ തയ്യാറാകാം.

'ഓർക്കുക മദ്യം ഒന്നിനും പരിഹാരമല്ല
മദ്യം മാന്യതയല്ല
മദ്യം അപമാനമാണ്".

**അറിയിപ്പ്**

1. യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച എല്ലാ ഇടവകകൾക്കും ഡയറക്ടേഴ്സിനും നന്ദി.
2. രൂപതയിൽ 50 ഇടവകകളിൽ യൂണിറ്റുകൾ തുടങ്ങി. ഇനിയും യൂണിറ്റുകൾ തുടങ്ങാനുള്ള ഇടവകൾ അതിന് ആവശ്യമായ കാര്യങ്ങൾ എത്രയും പെട്ടെന്ന് ചെയ്യണമെന്ന് ഓർപ്പെടുത്തുന്നു.
3. സെപ്റ്റംബർ 17-ാം തിയ്യതി ഫൊറോന ഡയറക്ടർമാരുടെ മീറ്റിങ്ങ് ചേരുകയുണ്ടായി. അതിലെടുത്ത തീരുമാനങ്ങൾ.

a. എല്ലാ ഇടവകകളിലും എത്രയും വേഗം യൂണിറ്റുകൾ തുടങ്ങുക.
b. ഒക്ടോബർ 15 ന് മുമ്പായി ഫൊറോനതലത്തിൽ എല്ലാ ഇടവകകളിൽ നിന്നുള്ള പ്രസിഡന്റ്, സെക്രട്ടറി, ആനിമേറ്റർ, ഡയറക്ടർ എന്നിവരുടെ മീറ്റിങ്ങ് കൂടി ഫൊറോനതലപ്രവർത്തനങ്ങൾ ചർച്ചചെയ്യുക.
c. നവംബർ 30 ന് മുമ്പായി ഫൊറോന തലത്തിൽ എല്ലാ യൂണിറ്റ് ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിനസെമിനാർ സംഘടിപ്പിക്കുകയും ഫൊറോന സമിതിയെ തിരഞ്ഞെടുക്കുകയും ചെയ്യുക.
d. ഡിസംബർ 31 ന് ഫൊറോന ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് രൂപതാ സമിതി ഒരുമിച്ച് കൂടുകയും രൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്യുക.
e. ഈ കാലയളവിൽ പറ്റുന്ന എല്ലാ ഇടവകകളിലും യൂണിറ്റ് ഉദ്ഘാടനങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഒക്ടോ. | 01–03 | A.P.C. KINGDOM FIRE<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോ. | 4–6 | സിസ്റ്റേഴ്സിന്റെ വളർച്ചാധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോ. | 7–12 | Sehion Priests' Retreat<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഒക്ടോ. | 14–19 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. | 21–26 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഒക്ടോ. 20 | നവം. 02 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ





8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻസ്**

ഒക്ടോ. 21 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

3.10.2012 നു ബുധനാഴ്ച ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പിയിൽ വച്ച് 11 മണിക്കു നടത്തുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.10.12 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽസെന്റർ | 11 മണി |
| 10.10.12 | ബുധൻ | മണ്ണാർക്കാട് | കാഞ്ഞിരപ്പുഴ | 11 മണി |
| 11.10.12 | വ്യാഴം | ശ്രീകൃഷ്ണപുരം | പ്ലാന്തോട്ടം | 11 മണി |
| 12.10.12 | വെള്ളി | കുഴൽമന്ദം | കളപെട്ടി | 2 മണി |
| 15.10.12 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11 മണി |
| 17.10.12 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11 മണി |
| 24.10.12 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 11 മണി |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.10.12 | തിങ്കൾ | അട്ടപ്പാടി റീജിയണൽ ഓഫീസ് ഗൂളിക്കടവ് | 11am to 2pm |
| 16.10.12 | ചൊവ്വ | സാൻജോ ടവർ (ഹെൽപ്ലൈൻ) പാലക്കാട് | 11am to 2 pm |
| 17.10.12 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 am to 2 pm |

| | | | |
|---|---|---|---|
| 24.10.12 | ബുധൻ | FCC വടക്കുഞ്ചേരി (ആമക്കുളം) | 11 am to 2 pm |

**ഗാന്ധിജയന്തി ആഘോഷം**

ജില്ലാ വിമൻസ് ഫെഡിന്റെ നേതൃത്വത്തിൽ ബ്ലോക്കുഫെഡുകളുടെ സഹായത്തോടെ ജെ.എസ്.എസ് മായി സഹകരിച്ച് ഒക്ടോബർ 2 നു ചൊവ്വാഴ്ച കല്ലടിക്കോട് വാക്കോടൻ ആദിവാസി കോളനിയിൽ ബോധവൽക്കരണവും ശുചിത്വ പ്രവർത്തനങ്ങളും നടത്തുന്നു.

**ലീഡേഴ്സ് ട്രെയിനിംഗ്**

സമാജം അയൽകൂട്ടങ്ങൾ എന്നിവയുടെ ഭാരവാഹികൾക്കുവേണ്ടി താഴെ പറയുന്ന സ്ഥലങ്ങളിൽ വച്ച് ഓരോ ഏകദിന സെമിനാറുകൾ നടത്തുന്നു.

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.10.12 | ബുധൻ | നെന്മാറപാരിഷ്ഹാൾ | 10.30 –3.30 വരെ |
| 13.10.12 | ശനിയാഴ്ച | FCC വടക്കുഞ്ചേരി | 10.30.–3.30 വരെ |

**ഓർണമെന്റ് ട്രെയിനിംഗ്**

ഫാഷൻ ആഭരണങ്ങൾ നിർമ്മിക്കാനുള്ള മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഒരു പരിശീലന പരിപാടി ഒക്ടോബർ 23,24,25 (പൂജ അവധി ദിവസങ്ങൾ) തിയതികളിൽ പൊന്നംകോട് പാരിഷ് ഹാളിൽ വച്ച് പി.എസ്.എസ്. പി. യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.1000 രൂപയാണ് ഫീസ്. 20 തരം ആഭരണങ്ങൾ നിർമ്മിക്കുവാനുള്ള കിറ്റ് പരിശീലകർക്ക് സൗജന്യമായി നൽകും. വിദഗ്ദർ ക്ലാസ്സുകൾ നയിക്കും.പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെപറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക 9947852087,9400408159,9946743037,2527784

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**പുതിയ പദ്ധതികൾ**

ദേശീയ കാർഷിക-ഗ്രാമവികസനബാങ്കിന്റെ (NABARD) സാമ്പത്തിക സഹായത്തോടെ ചിറ്റൂർ താലൂക്കിലെ വടകരപ്പതി പഞ്ചായത്തിൽപെട്ട കുപ്പാണ്ടവാര, കുടമളച്ചെള്ള, കോട്ടായി പഞ്ചായത്തിലെ കരിയൻകോട് എന്നീ മൂന്ന് നീർത്തടവികസനപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി നബാർഡ് പി.എസ്.എസ്.പി യെ തിരഞ്ഞെടുത്തിരിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. മൂന്ന് പദ്ധതികൾക്കായി ഏകദേശം രണ്ടര കോടി രൂപയാണ് ചെലവഴിക്കേണ്ടത്. പ്രദേശവാസികളുടെ സമഗ്രകാർഷിക വികസനമാണ് ലക്ഷ്യമിടുന്നത്.





**ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നു**

സംസ്ഥാന സർക്കാരിന്റെ കാർഷിക വികസന പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ പി.എസ്.എസ്.പി. യുടെ നേതൃത്വത്തിൽ 7 ചക്ക സംസ്കരണ ശാലകൾ സ്ഥാപിക്കുന്നു. 'ചക്ക സുരക്ഷിതഭക്ഷണത്തിനും, പണത്തിനും' എന്ന ആശയത്തിന് പ്രാധാന്യം നല്കികൊണ്ട് നമ്മൾ നടത്തുന്ന ഒരു സ്വപ്നപദ്ധതിയാണിത്. അടുത്ത സീസൺ മുതൽ നമ്മുടെ ജില്ലയിൽ വിളയുന്ന ഒരു ചക്കപോലും പാഴായിപോകുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ ഇത് സഹായിക്കും. ചക്കയെ അടിസ്ഥാനമാക്കി 16 തരം വിഭവങ്ങൾ ഉണ്ടാക്കുന്നതിന് പി.എസ്.എസ്.പി. പരിശീലനം നൽകിവരുന്നു. (ചക്കസംസ്കരണ ശാലകൾ സ്ഥാപിതമായിരിക്കുന്ന സ്ഥലങ്ങൾ ; സ്റ്റാർട്ട് ധോണി, പനംകുറ്റി, എളവംപാടം, അയിലൂർ, വടക്കന്റെകാട്, പൊമ്പ്ര etc.)

**ജെ.എസ്.എസ്**

ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ 2011–12 അദ്ധ്യായനവർഷത്തിലെ വിവിധ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും തൊഴിൽ സംരംഭങ്ങൾക്കുള്ള സാമ്പത്തിക വായ്പാ പദ്ധതിയും 2012 ഒക്ടോബർ 6 ശനിയാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് ബഹു. പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് അദ്ധ്യക്ഷതവഹിക്കും. എം.എൽ.എ മാർ എം.പി മാർ തുടങ്ങി വിവിധ ജനപ്രതിനിധികൾ പങ്കെടുക്കുന്നതാണ്.

**പൊലിമ 2013 കാർഷികോത്സവം**

2013 ജനുവരി 4,5,6,7,8 നടക്കുന്ന പൊലിമ കാർഷികോത്സവത്തിന്റെ സംഘാടകസമിതിയോഗം സെപ്റ്റംബർ 29–ാം തിയതി രാവിലെ 10.30 ന് ചേർന്നു. ഉചിതമായ തീരുമാനങ്ങൾ കൈകൊണ്ടു.

# കെ.എൽ.എം. പാലക്കാട്

കേരള ലേബർ മൂവ്മെന്റ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ യൂണിറ്റ് രൂപീകരണം നടന്നുവരുന്നു. 23.9.2012 ന് നടന്ന മണ്ണാർക്കാട് ഫൊറോന സമിതിയുടെ മീറ്റിങ്ങിൽ വച്ച് ഒക്ടോബർ, നവംബർ മാസങ്ങളിൽ മണ്ണാർക്കാട് ഫൊറോനയുടെ വിവിധ ഇടവകകളിൽ കെ.എൽ.എം യൂണിറ്റുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**സാമൂഹ്യ സുരക്ഷപദ്ധതികളിൽ ചേരലും പുതുക്കലും**

കെ.എൽ.എം പ്രോത്സാഹിപ്പിക്കുന്ന വിവിധ തൊഴിലാളിക്ഷേമനിധികളിൽ ചേരുന്നതിനും പെൻഷൻ പദ്ധതിയായ 'സുരക്ഷ'യിൽ (സ്വാവലംബൻ) ചേരുന്നതിനുമുള്ള അവസരങ്ങൾ തുടരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷേമനിധികളിലും സുരക്ഷയിലും ചേർന്നിട്ടുള്ളവരുടെ ഈ വർഷത്തെ അംശാദായം (പ്രീമിയം) കൃത്യസമയത്ത് തന്നെ അടയ്ക്കേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.


## പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്



മാലിന്യ നിർമ്മാർജ്ജനപദ്ധതിയുടെ ഭാഗമായി ഗാർഹിക മാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉല്പാദിപ്പിക്കുന്നതിനുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ (സിന്റക്സ്) പീപ്പിൾസ് സർവീസ് സൊസൈറ്റി പാലക്കാട് മുഖേനവിതരണമാരംഭിച്ചിരിക്കുന്നു. 0.2, 0.5, 1, 2, 4 മീ. ക്യൂബ് അളവുകളിൽ പ്ലാന്റ് ലഭ്യമാണ്. ഗാർഹികാവശ്യങ്ങൾക്കു ശുപാർശചെയ്യപ്പെട്ടിട്ടുള്ള 1 ക്യൂബിക് മീറ്റർ അളവിലുള്ള പ്ലാന്റുകൾക്ക് അനർട്ടു മുഖേന8,000/-രൂപ സബ്സിഡി ലഭിക്കുന്നതുമാണ്.കൂടുതൽ വിവരങ്ങൾക്ക് പീപ്പിൾ സർവീസ് സൊസൈറ്റിയുമായി ബന്ധപ്പെടണം.

PH : 0491-2527784, 9447020395, 9446790234.






# From the Bishop's Diary

**2012 സെപ്റ്റംബർ 1**

1 - അരമനയിൽവെച്ചു നടന്ന ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

2 - ഉണ്ണിമല ഇൻഫന്റ് ജീസസ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് കുറവൻപാടി, ഉണ്ണിമല, പുലിയറ എന്നീ ഇടവകകളിലെ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി.

- മണ്ണാർക്കാട് പ്രസാദ് മാതാ നിത്യാരാധനാ കപ്പേളയിൽ പരി. മാതാവിന്റെ എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

3 - കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഡീ. ജെൻസൺ പൂവ്വത്തിങ്കലിന് തിരുപ്പട്ടം നൽകി.

4-5 - മംഗലപ്പുഴ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

6 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

7 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

8 - പാസ്റ്ററൽ സെന്ററിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- കഞ്ചിക്കോട് ഗുഡ്ഷെപ്പേർഡ് ഇടവക ദൈവാലയത്തിൽ പരി. മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

9 - ആനക്കല്ല് സെന്റ് ജോസഫ്സ് ഇടവകയുടെ രജത ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. സന്ദേശം നൽകി.

10 - പാലാ രൂപത നിയുക്ത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അരമന സന്ദർശിച്ചു.

10-14 മുണ്ടൂർ യുവക്ഷേത്രയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

14 - യുവക്ഷേത്രയിൽ പുതുതായി നിർമ്മിച്ച കാന്റീനും ഹോസ്റ്റലും വെഞ്ചരിച്ചു.

16 - കോടംതുരുത്ത് സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

17 - സീങ്കര സെന്റ് ജോർജ്ജ് കോൺവെന്റിൽ സി. ലാൻസലറ്റിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

19 - പാസ്പോർട്ട് പുതുക്കുന്നതിന് വേണ്ട നടപടികൾക്കായി മലപ്പുറം പാസ്പോർട്ട് ഓഫീസിൽ പോയി.

20 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

21 - കണ്ടമംഗലം ക്രിസ്തുരാജ ഇടവക ദൈവാലയം സന്ദർശിച്ചു.

- മണ്ണാർക്കാട് ഫൊറോനാതല ബൈബിൾ കലോത്സവത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- മൈലംപുള്ളി മറിയംത്രേസ്യ നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

22 - അരമനയിൽ സെഹിയോൻ ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

23 - പാലക്കാട് ടൗൺ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടന്ന അഖിലകേരള അഭിഷേകാഗ്നി കൺവെൻഷനിൽ സംബന്ധിച്ചവർക്ക് സമാപന സന്ദേശം നൽകി.

24 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ പുതിതായി നിർമ്മിച്ച ബാസ്ക്കറ്റ് ബോൾ കോർട്ട് വെഞ്ചരിച്ചു. വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

26 - അരമനയിൽ നടന്ന കാറ്റികിസം ഫൊറോന ഡയറക്ടർമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

27 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ രൂപതകളുടെ കാറ്റികിസം ഡയറക്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

28 - പാലക്കാട് ജോബീസ് മാൾ ഓഡിറ്റോറിയത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മീനിംഗ്ഫുൾ ഫിനാൻഷ്യൽ ഇൻക്ലൂഷന്റെ ഭാഗമായി 6 പുതിയ ശാഖകളുടെ ഉദ്ഘാടന സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.